# ജാമക്കാരൻ
# JAMAKKARAN

ജാമക്കാരൻ JAMAKKARAN

VOLUME - 2 Reg NO.TNBIL/2016/70171 ISSUE - 10
OCTOBER 2018 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

*(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).*
*ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - കത്തോലിക്ക വേദപുസ്തകം).*

✆ 0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



*കർത്താവിൽ പ്രിയരെ,*

*ജീവിക്കുന്ന യേശുക്രിസ്തുവിന്റെ നിസ്തുല്യനാമത്തിൽ നിങ്ങൾക്കേവർക്കും ആശംസകൾ! ഓരോ മാസവും ജാമക്കാരൻ വായിച്ച് അഭിപ്രായങ്ങളും, അനുമോദനങ്ങളും, വിമർശനങ്ങളും എഴുതുന്ന ഓരോരുത്തർക്കും നന്ദി അറിയിക്കുന്നു.*

*അധർമ്മമൂർത്തിയുടെ പ്രവർത്തനത്തോടുള്ള ബന്ധത്തിൽ 2 സമയങ്ങളുണ്ട്. ഒന്ന്: ഉപദ്രവ കാലം. രണ്ട്: മഹാ ഉപദ്രവ കാലം. ഉപദ്രവകാലത്തുണ്ടാകേണ്ട കാര്യങ്ങളുടെ അടയാളങ്ങൾ കണ്ടുതുടങ്ങിക്കഴിഞ്ഞു. സോദോം ഗോമോറ പാപത്തെ ന്യായീകരിച്ച് സുപ്രീംകോടതി വിധി പ്രഖ്യാപിച്ചത് നിങ്ങൾ വായിച്ചിരിക്കും. രഹസ്യമായി ചെയ്തുകൊണ്ടിരുന്ന പാപങ്ങൾ ഇനി രാജ്യമെമ്പാടും വീഥികളിൽ നമുക്ക് കാണാം. വരും നാളുകളിൽ നാം കാണാൻ പോകുന്ന കാഴ്ചകളിലൂടെ ഈ പാപം ചെയ്യാൻ താല്പര്യമില്ലാത്തവരുടെ മൃദലവികാരങ്ങളും ഇളക്കിവിടപ്പെടും. സ്വവർഗ്ഗതി,* (HomoSexual, Lesbian) *ഹിജഡകളുമായുള്ള രതി ഇവ പ്രകൃതിയുടെ സ്വാഭാവികതത്ത്വം തന്നെ എന്നാണ് കോടതി വിധിച്ചിരിക്കുന്നത്.*

*ക്രിസ്ത്യാനികളാണ് ഈവക അധർമ്മങ്ങളെ പാപം,വൈകൃതം എന്ന് വിളിച്ച് ഒതുക്കുന്നത്. എന്നാൽ ക്രിസ്തു മതത്തിൽതന്നെ (ക്രിസ്തു മാർഗ്ഗത്തിൽപ്പെട്ടവർ അല്ല) പിശാചിന്റെ വിടുപണി ചെയ്യുന്ന ഒരുകൂട്ടം പേർ ഈ വക പാപങ്ങളെ ന്യായീകരിക്കാൻ ഇറങ്ങിപുറപ്പെട്ടിരിക്കുന്നു. വേദപുസ്തകത്തെ ഈ വക പാപങ്ങൾക്കനുസരണമായി തിരുത്തുക എന്നതാണ് അവരുടെ അടുത്ത ലക്ഷ്യം. മേൽക്കാണിച്ച രതി വൈകൃതങ്ങളുള്ള മൂന്നു കൂട്ടരും ദൈവസൃഷ്ടികൾതന്നെ എന്നതാണ് പൈശാചിക ശക്തി വ്യാപരിക്കുന്ന ഇക്കൂട്ടരുടെ നിലപാട്.*

*ഈ രതി വൈകൃതം ശരിയെന്ന് സുപ്രീംകോടതി വിധി പ്രഖ്യാപിച്ചാലും, ലോകം അംഗീകരിച്ചാലും, വേദപുസ്തക നിയമം (ഡിശ്ല്യമെഹ ഘമം) അനുസരിച്ച് ഇത് പാപ*

മാണ്, അധർമ്മമാണ്. കാരണം ഈ ലോകനിയമങ്ങൾക്കെല്ലാം മുകളിലാണ് ദൈവിക നിയമം. ഉപദ്രവകാലത്തിന്റെ തുടക്കം ഇന്ത്യയിൽ ആരംഭിക്കാൻ പിശാച് പദ്ധതിയിട്ടിരിക്കുന്നു. കാരണം, ഇത്രയ്ക്കു വിഗ്രഹങ്ങൾ നിറഞ്ഞ വേറൊരു നാട് ലോകത്തിലില്ല. വിഗ്രഹങ്ങളുടെ പിന്നിലിരുന്നു പ്രവർത്തിക്കുന്ന പൈശാചിക ശക്തികളാണ് ഇവയെല്ലാം കാട്ടിക്കൂട്ടുന്നത്. ദൈവിക പദ്ധതികളെ തകിടം മറിക്കുക എന്നതാണ് തുടക്കം മുതൽ പിശാചിന്റെ മുഖ്യ പ്രവൃത്തി. ദൈവത്തിന്റെ സത്തയും, പദ്ധതിയും - വിശുദ്ധി - എന്നതാണ്. ഈ വിശുദ്ധിയെ തകർത്താൽ എല്ലാം തകരും എന്ന് പിശാചിന് നന്നായി അറിയാം. അതുകൊണ്ടാണ് വിശുദ്ധിയുടെ കടയ്ക്കലിൽ പിശാച് കത്തി വെച്ചിരിക്കുന്നത്.

കർത്താവ് പറയുന്നു: ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിക്കുക.(1പത്രോ 1:14-16). പണ്ടു നിങ്ങളുടെ അജ്ഞാതകാലത്തുണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാനടപ്പിലും വിശുദ്ധരാകുവിൻ. ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" എന്ന് എഴുതിയിരിക്കുന്നുവല്ലോ. ദൈവമക്കളിൽ ഈ വിശുദ്ധി നഷ്ടപ്പെട്ടാൽ പിന്നെ രാഷ്ട്രത്തിന്റെ വിശുദ്ധി പറയേണ്ടതില്ല. അതാണ് ശത്രുവിന്റെ തന്ത്രം. നാളുകൾക്കുമുമ്പുതന്നെ ദൈവ വേലക്കാരിൽ അശുദ്ധിയുടെ ആറാട്ട് തുടങ്ങിക്കഴിഞ്ഞു. ക്രമേണ ഇത് വിശ്വാസികളിലേക്കു പടർന്നുവരുന്നു.

(ലൂക്കോസ് 21:31-36): അവ്വണ്ണം തന്നെ ഇതു സംഭവിക്കുന്നതു കാണുമ്പോൾ ദൈവരാജ്യം അടുത്തിരിക്കുന്നു എന്നു ഗ്രഹിപ്പിൻ. സകലവും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോവുകയില്ല എന്നു ഞാൻ സത്യമായിട്ടും നിങ്ങളോട് പറയുന്നു. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല. നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ട് ആ ദിവസം നിങ്ങൾക്ക് പെട്ടെന്ന് കെണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ.(റോമർ 13:8-14) : അന്യോന്യം സ്നേഹിക്കുന്നത് അല്ലാതെ ആരോടും ഒന്നും കടപ്പെട്ടിരിക്കരുത്; അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോ. വ്യഭിചാരം ചെയ്യരുത്, കൊലചെയ്യരുത്, മോഷ്ടിക്കരുത്, മോഹിക്കരുത്, എന്നുള്ളതും മറ്റ് ഏതു കല്പനയും കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്ക എന്നീ വചനത്തിൽ സംക്ഷേപിച്ചിരിക്കുന്നു. സ്നേഹം കൂട്ടുകാരനു ദോഷം പ്രവർത്തിക്കുന്നില്ല; ആകയാൽ സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തി തന്നെ. ഇതു ചെയ്യേണ്ടത് ഉറക്കത്തിൽനിന്ന് ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നേ; നാം വിശ്വസിച്ച സമയത്തേക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു. രാത്രി കഴിയാറായി പകൽ അടുത്തിരിക്കുന്നു; അതുകൊണ്ടു നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക. പകൽസമയത്ത് എന്നപോലെ നാം മര്യാദയായി നടക്ക; വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല, ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലുമല്ല. കർത്താവായയേശുക്രിസ്തുവിനെത്തന്നേ ധരിച്ചുകൊൾവിൻ മോഹങ്ങൾ ജനിക്കുമാറു ജഡത്തിന്നായി ചിന്തിക്കരുത്. സുവിശേഷവത്കരണവും, സഭാവളർച്ചയും തടയാൻ ഇപ്പോഴുള്ള കാവി ഭീകര സർക്കാർ പദ്ധതിയിട്ടിരിക്കുന്നു. കാവി തീവ്രവാദത്തിന്റെ നിലപാടുകൾ സുപ്രീംകോടതി എതിർത്താൽ എന്തുചെയ്യുമെന്ന പത്രക്കാരുടെ ചോദ്യത്തിന് BJP MP യുടെ മറുപടി: പേടിക്കേണ്ട; സുപ്രീംകോടതിയിലെ എല്ലാ ന്യായാധിപന്മാരും നമ്മുടെ ആളുകളാണ് എന്നതായിരുന്നു. ഇന്ത്യയിൽ ഇനി ഒരിക്കൽക്കൂടെ ഭരിക്കാൻ, BJP ക്കു അവസരം ലഭിക്കുമോ എന്ന സംശയം മോദിക്കുണ്ട്. അതിനാൽ അടിയന്തിരാവസ്ഥ കൊണ്ടുവരാൻ സാദ്ധ്യതയുണ്ടെന്ന് രാഷ്ട്രീയ നിരീഷകർ കരുതുന്നു. വീണ്ടും ജനിച്ച ദൈവമക്കൾ പഥ്യോപദേശപ്രകാരം, കൃപയിലാശ്രയിച്ച് വരവിന് വേണ്ട തയ്യാറെടുപ്പുകൾ തുടങ്ങുക. വിശ്വാസത്തിൽ ഉറച്ച് നില്ക്കുക; വരും നാളുകളിൽ നേരിടാൻ പോകുന്ന പരീക്ഷകൾ നേരിടുന്നതിന് പ്രാർത്ഥനയോടെ ഒരുങ്ങുക. ദൈവം നമ്മെ ഏവരെയും സംരക്ഷിക്കുമാറാകട്ടേ. ഡോ. പുഷ്പരാജ്

# ദൈവവചനം

## ആമുഖം

പാപത്തിൽ വീണുപോയ മനുഷ്യന് രക്ഷയുടെ അനുഗ്രഹങ്ങളെല്ലാം ലഭിക്കുന്നത് ദൈവകൃപയുടെ നിത്യമായ ഉറവിൽ നിന്നാണ്. യേശുക്രിസ്തു കാൽവരിക്രൂശിൽ പൂർത്തിയാക്കിയ വേലയിലൂടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മുഖാന്തരമാണ് അത് പാപിക്ക് അനുഭവമാകുക. പാപിയുടെ ആത്മാവിൽ പരിശുദ്ധാത്മാവ് നേരിട്ട് തന്നെ സംവേദനം ചെയ്യുന്നുവെങ്കിലും, ദൈവകൃപയുടെ പകർച്ചയ്ക്ക് ചില മാദ്ധ്യമങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. ദൈവവചനത്തെയും കൂദാശകളുടെയുമാണ് (സ്നാനവും കർതൃമേശയും) നവീകരണ ദൈവശാസ്ത്രജ്ഞന്മാർ ദൈകൃപയുടെ മാദ്ധ്യമങ്ങളായി അംഗീകരിച്ചിട്ടുള്ളത്. എന്നാൽ ശരിയായ വീക്ഷണത്തിൽ ദൈവകൃപയുടെ മാദ്ധ്യമങ്ങളായി അംഗീകരിക്കപ്പെട്ടത് ദൈവവചനവും പ്രാർത്ഥനയുമാണ് എന്നു കാണാം. ദൈവവചനത്തിലും പ്രാർത്ഥനയാലും വിശുദ്ധീകരിക്കപ്പെടുന്നുവല്ലോ; (1 തീമൊ 4;5.)

## ദൈവവചനം

കാനോനികമായ അറുപത്തിയാറ് പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന പഴയപുതിയനിയമങ്ങളടങ്ങിയ ബൈബിളിനെയാണ് ദൈവവചനം എന്നുവിവക്ഷിക്കുന്നത്. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകലസൽപ്രവൃത്തികൾക്കും വകപ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിന്നും ശാസനത്തിന്നും ഗുണീകരണത്തിന്നും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതു ആകുന്നു (2 തീമൊ. 3:16,17). തിരുവെഴുത്തിന്റെ പല പ്രതീകങ്ങളും ഏതൊക്കെ നിലകളിലാണ് ദൈവവചനം കൃപയുടെ മാധ്യമമായി പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുന്നു. പാറയെ തകർക്കുന്ന ചുറ്റിക (യിരെ. 23:39), വിവേചകൻ (എബ്രാ 4:12), കണ്ണാടി (യാക്കോ 1:23), തൊട്ടി (യോഹ 15:13; എഫേ 5:26), ബീജം അഥവാ വിത്ത് (ലൂക്കാ 8:11; 1പത്രോ 1:23) ഭക്ഷണം (ഇയ്യോ 23:12), ദീപം (സങ്കീ. 119:105), വാൾ (എഫേ. 6:17; എബ്രാ 4:12) എന്നീ പ്രതീകങ്ങൾ ശ്രദ്ധിക്കുക.

## ദൈവ വചനത്തിന്റെ പ്രാധാന്യം

### 1. ദൈവവചനം രക്ഷാമാർഗ്ഗമാണ്

രക്ഷയ്ക്കായുള്ള ദൈവശക്തിയാണ് സുവിശേഷം; (റോമ. 1;16). ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു അടക്കപ്പെട്ട് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു എന്നതാണ് സുവിശേഷം; (1കൊരി 15:3). നിയോ ഇന്നവരോടു പഠിച്ചു എന്നു ഓർക്കുകയും ക്രിസ്തു യേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷയ്ക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴു

ത്തുകളെ ബാല്യം മുതൽ അറികയും ചെയ്യുന്നതുകൊണ്ടു നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനില്ക്ക എന്ന് പൗലോസ് തിമൊഥെയൊസിനെ ഉപദേശിക്കുന്നു; (2 തീമൊ. 3:14,15). വിശ്വാസി വീണ്ടും ജനിച്ചത് കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നെ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു എന്ന് പത്രോസ് വ്യക്തമാക്കുന്നു (1 പത്രോസ് 1:23). സങ്കീർത്തനഭാഗങ്ങളും ഈ സത്യം പ്രസ്പഷ്ടമാക്കിയിട്ടുണ്ട്. നിന്റെ വചനം എന്നെ ജീവിപ്പിച്ചിരിക്കുന്നതു എന്റെ കഷ്ടതയിൽ എനിക്കു ആശ്വാസമാകുന്നു. അഹങ്കാരികൾ എന്നെഅത്യന്തം പരിഹസിച്ചു (സങ്കീ. 119:50). ഞാൻ ഒരുനാളും നിന്റെ പ്രമാണങ്ങളെ മറക്കയില്ല; അവയെക്കൊണ്ടല്ലോ നീ എന്നെ ജവീപ്പിച്ചിക്കുന്നത് (സങ്കീ. 110:93). തിരുവെഴുത്തുകൾ ജീവന്റെ വചനമാണ് (ഫിലി. 2:15). മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല യഹോവയുടെ വായിൽ നിന്നു പുറപ്പെടുന്ന സകലവചനം കൊണ്ടും ജീവിക്കുന്നു എന്നു ന്യായപ്രമാണം (ആവ. 8:3) ഉദ്ധരിച്ചു ക്രിസ്തു വ്യക്തമാക്കി(മത്താ. 4:4). ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതാണ് വചനം (യാക്കോ. 1:21). ബൈബിൾ മുഖാന്തരമാണ് പാപികൾ ക്രിസ്തുവിനെ സംബന്ധിച്ച രക്ഷാപരിജ്ഞാനത്തിലെത്തുന്നത്. യഹോവയുടെ ന്യായപ്രമാണം തികവുള്ളത്; അത് പ്രാണനെ തണുപ്പിക്കുന്നു എന്ന് സങ്കീർത്തക്കാരൻ പറയുന്നു.

## 2. ദൈവവചനം വിശുദ്ധീകരണത്തിന്റെ മാധ്യമമാണ്.

സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യം ആകുന്നു: (യോഹ. 17:17). വിശുദ്ധീകരണത്തിന്റെ മുഖ്യ മാധ്യമം ദൈവവചനമാണ്. ദൈവവചനത്താലും പ്രാർത്ഥനയാലും വിശുദ്ധീകരിക്കപ്പെടുന്നുവല്ലോ; (1 തീമൊ 4:5). ദൈവപൈതൽ കൃപയിൽ വളരുന്നത് ദൈവവചനം വായിക്കുകയും പഠിക്കുകയും ചെയ്യുന്നതിലൂടെയാണ്. ഈ ന്യായപ്രമാണ പുസ്തകത്തിലുള്ളത് നിന്റെ വായിൽ നിന്നു നീങ്ങിപ്പോകരുത്; അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിന്നു നീ രാവും പകലും അതു ധ്യാനിച്ചു കൊണ്ടിരിക്കേണം; എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും; നീ കൃതാർത്ഥനായും ഇരിക്കും (യോശു. 1:8). ദൈവവചനം വിശുദ്ധീകരണത്തെ സഹായിക്കുന്നതിനെ വെളിപ്പെടുത്തുവാൻ ചില പ്രതിരൂപങ്ങൾ പ്രയോഗിച്ചിട്ടുണ്ട്. അത് വിവേചിക്കുന്നതാണ് (എബ്രാ. 4:12). ക്രിട്ടിക്കോസ് എന്ന ഗ്രീക്ക്പദത്തിന് വിവേചിക്കുന്നവൻ, ന്യായം വിധിക്കുന്നവൻ എന്നീ അർത്ഥങ്ങളാണുള്ളത്. ദൈവവചനം കണ്ണാടിക്കു സദൃശമാണ്. അത് നമ്മുടെ രൂപത്തെ കാട്ടിത്തരുന്നു. ദൈവവചനത്തെ കണ്ണാടിയിലൂടെ നാം നമ്മുടെ സ്വരൂപത്തെ മനസ്സിലാക്കുന്നു. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായി തീർന്നു (റോമ. 3:12) എന്ന സത്യം തിരുവെഴുത്തുകൾ വ്യക്തമാക്കുന്നു. തന്മൂലം പ്രാകൃതമനുഷ്യൻ അത് നോക്കുവാൻ ഇഷ്ടപ്പെടുന്നില്ല. പിന്മാറ്റക്കാരൻ വചനത്തെ അഭിമുഖീകരിക്കാൻ ധൈര്യപെടുന്നില്ല. ഒരുത്തൻ വചനം കേൾക്കുമ്പോൾ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവിക മുഖം കണ്ണാടിയിൽ നോക്കുന്ന ആളോട് ഒക്കുന്നു. അവൻ തന്നെത്താൻ കണ്ടു പുറപ്പെട്ടു താൻ ഇന്ന രൂപം ആയിരുന്നു എന്നു ഉടനെ മറന്നുപോകുന്നു"(യാക്കോ. 1:23,24) തിരുവെഴുത്താകുന്ന കണ്ണാടിയിലൂടെ നോക്കുന്ന പാപിയും വിശ്വാസിയും ഒരുപോലെ വിളിച്ചുപറയും അയ്യോ! ഞാൻ അരിഷ്ടമനുഷ്യൻ; (റോമ 7:24)

നമ്മുടെ സ്വയം എന്തെന്നെന്നു വെളിപ്പെടുത്തുന്ന അതേ തിരുവെഴുത്തുകൾ തന്നെ പാപം കഴുകിക്കളയാനുള്ള മാർഗ്ഗവും വെളിപ്പെടുത്തുന്നു. വചനം എന്ന ജലസ്നാനത്താലാണ് ഒരു വ്യക്തി കഴുകപ്പെട്ടു ശുദ്ധീകരണം പ്രാപിക്കുന്നത് (എബ്രാ. 5:26). ക്രിസ്തു ശിഷ്യന്മാരോടായി പറഞ്ഞു: ഞാൻ നിങ്ങളോടു സംസാരിച്ചവചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു(യോഹ. 15:3).

സമാഗനകൂടാരത്തിനും ആരാധകനും മദ്ധ്യേയായിരുന്നു തൊട്ടി. ദൈവസന്നിധിയോടടുക്കുവാൻ ആരാധകനെ അയോഗ്യനാക്കി തീർക്കുന്ന മാലിന്യം കഴുകികളയാനുള്ള മാർഗ്ഗമാണ് ഈ തൊട്ടി. ഇതു തിരുവെഴുത്തുകൾക്കു നിഴലത്രേ. ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിന്നു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു; (സങ്കീ. 119:11).

പ്രപഞ്ചത്തിലെ ഒരു പ്രകാശത്തിനും പുറത്താക്കാൻ കഴിയാത്ത ആത്മാവിന്റെ അന്ധകാരത്തെ ഇല്ലാതാക്കുവാൻ ദൈവം നൽകിയ പ്രകാശമാണ് തിരുവചനം. നക്ഷത്രം വിദ്വാന്മാരെ നയിച്ചതുപോലെ തിരുവെഴുത്തുകളുടെ പ്രകാശം പാപികളെ ക്രിസ്തുവിലേക്കു നയിക്കുന്നു. ദൈവപൈതലിനു ദൈവവചനം കാലിനു ദീപവും പാതയ്ക്കു പ്രകാശവുമാണ് (സങ്കീ. 119:105). കല്പന ഒരു ദീപവും ഉപദേശം ഒരു വെളിച്ചവും പ്രബോധനത്തിന്റെ ശാസനകൾ ജീവന്റെ മാർഗ്ഗവും ആകുന്നു(സദൃ. 6:23). പ്രവാചക വാകൃവും അധികം സ്ഥിരമായിട്ടു നമുക്കുണ്ടു. നേരം വെളുക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കുകയും ചെയ്‌വോളം ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്ന വിളക്കു പോലെ അതിനെ കരുതിക്കൊണ്ടാൽ നന്ന്: (2 പത്രോ. 1:19). ശത്രുവിനെ ജയിക്കാനുള്ള വാളാണ് തിരുവെഴുത്തുകൾ. ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയ ദൈവവചനം ഏതു ഹൃദയത്തെയും തുളച്ചുകയറുന്നു. ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കും വരെ തുളച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു: (എബ്രാ 4:12). ദൈവവചനം എന്ന ആത്മാവിന്റെ വാൾ കൈക്കൊള്ളുവാൻ പൗലൊസപ്പൊസ്തലൻ ക്രിസ്തു ഭടനെ ഓർപ്പിക്കുന്നു: (എഫേ. 6:17)

വിശുദ്ധികരണത്തിലൂടെ ക്രിസ്തീയജീവിതത്തിന്റെ വളർച്ചയ്ക്ക് ദൈവവചനം ഭക്ഷിക്കേണ്ടതാണ്. ദൈവവചനത്തെ ആഹാരത്തേക്കാൾ സൂക്ഷിച്ചിരിക്കുന്നു എന്നതാണ് ഇയോബിന്റെ സാക്ഷ്യം (23:12). ശിശുക്കൾക്ക് പാലാണാവശ്യം. കാലം നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ടുന്ന നിങ്ങൾക്ക് ദൈവത്തിന്റെ അരുളപ്പാടുകളുടെ ആദ്യപാഠങ്ങളെ തന്നെ വീണ്ടും ഉപദേശിച്ചു തരുവാൻ ആവശ്യമായിരിക്കുന്നു. കട്ടിയുള്ള ആഹാരമല്ല, പാലത്രേ നിങ്ങൾക്ക് ആവശ്യമെന്നു വന്നിരിക്കുന്നു. പാൽ കുടിക്കുന്നവൻ എല്ലാം നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവനത്രേ; അവൻ ശിശുവല്ലോ. കട്ടിയായുള്ള ആഹാരം നന്മതിന്മകളെ തിരിച്ചറിയാൻ തഴക്കത്തിൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളൂ(എബ്രാ 5:12-14). രക്ഷയ്ക്കായി വളരുന്നതിന് വചനമെന്ന മായമില്ലാത്ത പാൽ കുടിക്കേണ്ടതാണ് (1പത്രോ 2:1,2). തിരുവചനം എന്റെ അണ്ണാക്കിന് എത്ര മധുരം! അവ എന്റെ വായ്ക്ക് തേനിലും നല്ലത്(സങ്കീ. 119:103). സമ്പുഷ്ടമായ ഭക്ഷണമാണ് തേൻ. ദൈവചനമാകുന്ന തേൻ ആസ്വദിക്കുന്നവർക്ക് മാത്രമേ കണ്ണു തെളിഞ്ഞു സുബോധം വരികയുള്ളൂ(1 ശമു14:29). കണ്ണു തുറക്കപ്പെടുന്നവർക്കു മാത്രമേ തിരുവെഴുത്തുകളിലെ അത്ഭുതങ്ങളെ കാണാൻ കഴിയുകയുള്ളൂ. (സങ്കീ. 119:18).

ദുഷ്ടതയുടെ ആധിക്യം വിട്ടു രക്ഷ നേടുന്നതിനും (യാക്കോ. 1:21) ലോകത്തിലുള്ള കളങ്കം പറ്റാതെ തന്നെത്താൻ കാത്തുക്കൊള്ളുന്നതിനും (യാക്കോ. 1:27) വചനം സൗമ്യതയോടെ കൈക്കൊള്ളേണ്ടതാണ്. ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ വിശ്വാസികളിൽ വസിക്കണം(കൊലാ. 3:16). ഒരു വ്യക്തിയിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു എന്നതിനു തെളിവാണ് വചനം പ്രമാണിക്കുന്നത്; (1 യോഹ 2:5). എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ടു തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ എന്നതാണ് അപ്പോസ്തലനായ യാക്കോബ് (1:22) ഉത്ബോധിപ്പിക്കുന്നത്. യഥാർത്ഥ ശിഷ്യന്മാർ ക്രിസ്തുവിന്റെ വചനത്തിൽ നിലനിൽക്കുന്നവരാണ്: (യോഹ 8:31). വചനം അനുസരിക്കായ്കകൊണ്ടാണ് ഇടറിപ്പോകുന്നത്: (1പത്രോ. 2:8). ദൈവവചനം ജീവനും ചൈതന്യവും ഉള്ളതും (എബ്രാ. 4:12) ദൈവജ്ഞാനവും ദൈവശക്തിയും ആണെങ്കിലും, ദൈവാത്മാവിന്റെ സാന്നിദ്ധ്യത്താലും സഹായത്താലും മാത്രമേ അത് ആത്മീയഫലം പുറപ്പെടുവിക്കുകയുള്ളൂ. സ്വർഗ്ഗത്തിൽ നിന്നു അയച്ച പരിശുദ്ധാത്മാവിനാൽ സുവിശേഷം അറിയിച്ചു എന്നു പത്രോസപ്പോസ്തലൻ പ്രസ്താവിച്ചു: (1 പത്രോ. 1:12). നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്ത്വവുമുള്ള പിതാവുമായവൻ തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവിനെ തരേണ്ടതിനു പൗലോസപ്പോസ്തലൻ പ്രാർത്ഥിക്കുന്നു; (എഫേ. 1:17).

ഇത്ര പ്രധാനപ്പെട്ട ദൈവവചനം അതിന്റെ പൂർണ്ണ രീതിയിൽ നമുക്ക് അനുഭവവേദ്യമാക്കാൻ ആഗ്രഹിക്കുന്നവരെ ദൈവം തന്റെ വചനത്താൽ നിറയ്ക്കുന്നു. ദൈവവചനം നമ്മിലേക്കു നിറയാൻ ദൈവം ചെയ്യുന്ന പ്രവൃത്തികളാണ് വെളിപ്പാട്, പ്രകാശനം എന്നിവ. അവ എന്താണെന്ന് തുടർന്ന് നോക്കാം.

### 3. വെളിപ്പാട്

വെളിപ്പാട്, ദൈവശ്വാസീയത, സംപ്രേഷണം എന്നിങ്ങനെ മൂന്നുകാര്യങ്ങളാണ് ബൈബിളിന്റെ രൂപപ്രാപ്തിയിലുള്ളത്. മനുഷ്യന് മറ്റുവിധത്തിൽ അറിയുവാൻ കഴിയാത്തതിനെ ദൈവം പ്രകാശിപ്പിക്കുന്ന പ്രവൃത്തിയെയാണ് വെളിപ്പാട് എന്നു പറയുന്നത്. വെളിപ്പാടിനെക്കുറിക്കുന്ന അപൊകലുപ്സിസ് എന്ന ഗ്രീക്കു പദത്തിനു മറനീക്കൽ അഥവാ മൂടിമാറ്റൽ എന്നർത്ഥം. മറയ്ക്കപ്പെട്ട ഒന്നിനെ ദൃശ്യവും ജ്ഞേയവും ആകുന്നതിനു വേണ്ടി അതിനെ ആവരണം ചെയ്തിരിക്കുന്ന മറമാറ്റുകയാണ് വെളിപ്പാട്. സ്രഷ്ടാവായ ദൈവം സൃഷ്ടിയായ മനുഷ്യനു തന്റെശക്തിയും മഹത്ത്വവും പ്രകൃതിയും, സ്വഭാവവും, ഹിതവും. നിർണ്ണയങ്ങളും വെളിപ്പെടുത്തുന്നതിനേയാണ് തിരുവെഴുത്തുകൾ വെളിപ്പാടെന്ന് പറയുന്നത്. സ്വന്തം സൃഷ്ടികളോടുള്ള സ്നേഹത്തിലും കരുണയിലും ദൈവം തന്നെയാണ് സത്യത്തിന്റെ ആവരണം മാറ്റിക്കൊടുക്കുന്നത്. വെളിപ്പാട് ദൈവത്തിൽ നിന്ന് പുറപ്പെടുന്നതാകയാൽ അതിന് പ്രകൃത്യതീതമായ മാധ്യമങ്ങളും മാർഗ്ഗങ്ങളും ആവശ്യമാണ്.

ദൈവം തന്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചതുതന്നെ ദൈവത്തോട് സഹവസിക്കുന്നതിനും ആശയപ്രകാശനം ചെയ്യുന്നതിനും വേണ്ടിയാണ്. വെയിലാറിയപ്പോൾ ദൈവം ഇറങ്ങിവന്നു ആദാമിനോട് സംസാരിച്ചതായി നാം കാണുന്നു(ഉത്പ. 3:8). പാപത്തിൽ

വീഴാത്ത മനുഷ്യനെ സംബന്ധിച്ചിടത്തോളം ദൈവത്തിൽ നിന്ന് അറിവുനേടേണ്ടത് ആവശ്യമായിരുന്നുവെങ്കിൽ പാപത്തിൽ വീണ മനുഷ്യന് അത് എത്രത്തോളം? പാപത്തെക്കുറിച്ചും വീണ്ടെടുപ്പിനെക്കുറിച്ചുമുള്ള അറിവ് മനുഷ്യന് ആവശ്യമായി വന്നു. തിരുവെഴുത്തുകൾ എഴുതപ്പെട്ടതുതന്നെ അതിനു വേണ്ടിയാണ്.

## വെളിപ്പാട്, ദൈവശ്വാസീയത, പ്രകാശനം

### വെളിപ്പാട്

വെളിപ്പാടും, ദൈവശ്വാസീയതയും ബൈബിളിന്റെ കേന്ദ്ര ഉപദേശങ്ങളാണ്. ഇവരണ്ടും കൂടിക്കുഴയുവാൻ അനുവദിക്കരുത്.

ദൈവത്തിൽ നിന്നു മനുഷ്യനിലേക്ക് സത്യം സംപ്രേഷണം ചെയ്യുമ്പോൾ അതിന്മേലുള്ള പ്രത്യക്ഷമായ ദൈവികപ്രഭാവമാണ് വെളിപ്പാട്.

### ദൈവശ്വാസീയത

മറ്റുള്ളവർക്ക് മനസ്സിലാകുന്ന ഭാഷയിലേക്ക് സത്യം പകർന്നുകൊടുക്കുന്നതിന്റെ മേൽ ഉള്ള ദൈവികപ്രഭാവമാണ് ദൈവശ്വാസീയത.

വെളിപ്പാടിനാലാണ് മറിയയെയും ശിശുവായ യേശുവിനെയുംകൊണ്ട് മിസ്രായീമിലേക്ക് ഓടിപ്പോകുവാൻ യോസേഫിന് സ്വപ്നത്തിൽ വെളിപ്പെടുത്തിയത്. ഇത് ദൈവത്തിന്റെ കേവലമായ വെളിപ്പാടിന് ഉത്തമോദാഹരണമാണ്. എന്നാൽ മറ്റുള്ളവരുടെ പ്രയോജനത്തിനായി ഇത് രേഖപ്പെടുത്തിവയ്ക്കാനുള്ള ദൈവശ്വാസീയത യോസേഫിന് ലഭിച്ചില്ല. ക്രിസ്തുവിന്റെ പ്രസംഗത്തിലൂടെ ദൈവത്തിന്റെ കൃപാപൂർണ്ണമായ വെളിപ്പാടുകൾ ആയിരക്കണക്കിനാളുകൾ കേട്ടു. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാർ ഒഴികെ മറ്റാരെയും ദൈവനിശ്വാസ്ത എഴുത്തുകാരായി വിളിച്ചില്ല. ദൈവനിശ്വാസ്തരായ എഴുത്തുകാർക്ക് മാത്രമേ ദൈവത്തിന്റെ വെളിപ്പാടുകളെ സൂക്ഷമമായി രേഖപ്പെടുത്തുവാൻ കഴിയൂ. എഴുത്തുകാർ പലപ്പോഴും തങ്ങൾ കണ്ടതും കേട്ടതുമായ കാര്യങ്ങളെ രേഖപ്പെടുത്തി, അങ്ങനെയുള്ളവയിൽ നേരിട്ടുള്ള വെളിപ്പാടിന്റെ ആവശ്യമില്ല.

### പ്രകാശനം

ദൈവത്തോട് ശരിയായ ബന്ധം പുലർത്തുന്ന തന്റെ മക്കൾക്ക് തിരുവെഴുത്തുകൾ മനസ്സിലാക്കുന്നതിന് പരിശുദ്ധാത്മാവിൽ നിന്നു ലഭിക്കുന്ന പ്രേരകശക്തിയും ശുശ്രൂഷയുമാണ് പ്രകാശനം. തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിന് ക്രിസ്തു അവരുടെ ബുദ്ധിയെ തുറന്നു: (ലൂക്കോ. 24:44) പരിശുദ്ധാത്മാവ് വരുമ്പോൾ ശിഷ്യന്മാരെ സകലസത്യത്തിലും വഴി നടത്തുമെന്ന് ക്രിസ്തു വെളിപ്പെടുത്തി. നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്ക് നല്കിയത് അറിവാനായി ദൈവത്തിൽ നിന്നുള്ള ആത്മാവിനെ അത്രേ പ്രാപി

ച്ചത്: (1 കൊരി. 2:12). അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു; ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല; അവന്റെ അഭിഷേകം തന്നെ നിങ്ങൾക്ക് സകലവും ഉപദേശിച്ചുതരികയാലും അതു ഭോഷ്ക്കല്ല സത്യം തന്നേ ആയിരിക്കുകയാലും അതു നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിപ്പിൻ(1യോഹ. 2:27). നല്കപ്പെട്ട തിരുവെഴുത്തിനെ അനാവരണം ചെയ്യുകയാണ് പ്രകാശനം.

ബിലെയാം, ശൗൽ രാജാവ്, കയ്യഫാവ് തുടങ്ങിയവർക്ക് ദൈവികവെളിപ്പാട് വിളംബരം ചെയ്യാനുള്ള ഉത്തേജനം ലഭിച്ചു. എന്നാൽ അത് ആത്മീയപ്രകാശനത്തെ ഉൾകൊണ്ടില്ല. അവർക്ക് പ്രായോഗിക ജീവിതത്തിൽ പ്രയോജനപ്പെടുമാറ് അവ പ്രകാശിപ്പിക്കുകയുണ്ടായില്ല. ഇതുപോലെ തന്നെ ആത്മീയപ്രകാശനം ലഭിച്ച അസംഖ്യം ആളുകൾക്ക് ദൈവികവെളിപ്പാടോ, ദൈവീക വെളിപ്പാട് രേഖപ്പെടുത്താനുള്ള ദൈവശ്വാസീയതയോ ലഭിച്ചില്ല. ദാഹത്തോട് കാത്തിരിക്കുന്ന എല്ലാ വിശ്വാസികൾക്കും വാഗ്ദത്തം ചെയ്യപ്പെട്ടതാണ് പ്രകാശനം. പടിപടിയായിട്ടാണത് ലഭിക്കുക. അത് കൂടുകയോ കുറയുകയോ ചെയ്യാം.

പ്രകാശനം കൂടാതെ വ്യക്തിപരമായ രക്ഷയിലേക്കോ തിരുവെഴുത്തുകളെക്കുറിച്ചുള്ള പരിജ്ഞാനത്തിലേക്കോ ആർക്കും എത്തിച്ചേരാൻ കഴിയുകയില്ല. (1കൊരി. 2:9–13) വരെ ഈ മൂന്നു കാര്യങ്ങളും കാണാം. 10 -ാം വാക്യത്തിൽ വെളിപ്പാടും 12 -ാം വാക്യത്തിൽ പ്രകാശനവും 13 -ാം വാക്യത്തിൽ ദൈവശ്വാസീയതയും. ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളത് കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റേയും ഹൃദയത്തിൽ തോന്നീട്ടുമില്ല എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ. നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു; ആത്മാവ് സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു. മനുഷ്യനിലുള്ളത് അവനിലെ മനുഷാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയും? അവ്വണ്ണം തന്നേ ദൈവത്തിലുള്ളത് ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല. നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്ക് നൽകിയത് അറിവാനായി ദൈവത്തിൽ നിന്നുള്ള ആത്മാവിനെ അത്രേ പ്രാപിച്ചത്. അത് ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാൽ അല്ല, ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ തന്നേ പ്രസ്താവിച്ചുകൊണ്ട് ആത്മീകന്മാർക്ക് ആത്മീകമായത് തെളിയിക്കുന്നു. (1കൊരി. 2:9 –13).

## വെളിപ്പാട് രണ്ടു വിധം

വെളിപ്പാട് രണ്ടു വിധത്തിലുണ്ട്: സാമാന്യവും (ഏലിലൃമഹ ൃ 1മഔൃമഹ) സവിശേഷവും അഥവാ പ്രകൃത്യതീതവും(ടുലരശമഹ ഞല്ലഹമശേീ ൃ ൌലൃ 1മഔൃമഹ ഞല്ലഹമശേീ) . എല്ലാ മാനുഷ്യരെയും ഉദ്ദേശിച്ച് ദൈവം നൽകുന്ന വെളിപ്പാടാണ് സാമാന്യവെളിപ്പാട്. സ്രഷ്ടാവായ ദൈവം തന്റെ പ്രവൃത്തിയിലൂടെ സ്വയംവെളിപ്പെടുത്തുന്നു എന്നതാണ്സാമാന്യവെളിപ്പാടിന്റെസ്വഭാവം. പ്രകൃതിയിലൂടെയും മനുഷ്യന്റെ മനസ്സാക്ഷിയിലൂടെയും പരിപാലനത്തിലൂടെയും സകല മനുഷ്യർക്കും ദൈവം വെളിപ്പെടുത്തുന്നു. തിരുവെഴുത്തുകളിലൂടെ വ്യക്തമാക്കിയ സവിശേഷവെളിപ്പാട് കൂടാതെതന്നെ ദൈവത്തെക്കുറിച്ചുള്ള അറിവ് മനുഷ്യന് ദൈവസൃഷ്ടി എന്ന നിലയിൽ അതു നല്കുന്നു.

# അസാമാന്യവെളിപ്പാട്

## 1. പ്രകൃതി

സ്രഷ്ടാവായ ദൈവത്തിന്റെ വിവേകവും ശക്തിയും മഹത്വവും വെളിപ്പെടുത്തുന്നതാണ് പ്രകൃതി. മനുഷ്യൻ പാപത്തിൽ വീഴുന്നതിനുമുമ്പ് സർവ്വാതിശായിയായ ഭൂമിയുടെ മഹത്വം അവൻ കണ്ടിരുന്നു. ദൈവത്തിന്റെ സാന്നിദ്ധ്യവും ദൈവത്തോടുള്ള കൂട്ടായ്മയും പ്രകൃതിയെ മഹിമോജ്വലമാക്കിയിരുന്നു. പ്രകൃതിയുടെ വെളിപ്പാട് ഉത്തേജകമായിരുന്നു. എന്നാലത് സമ്പൂർണമാകണമെങ്കിൽ ദൈവത്തോടുകൂടെ വൈയക്തികമായ അടുപ്പം ഉണ്ടായിരിക്കേണ്ടതാണ്.

പ്രകൃതിയിലൂടെയുള്ള സാമാന്യവെളിപ്പാടിനെ അഥേനപൗരന്മാരോടുള്ള തന്റെ പ്രഭാഷണത്തിൽ പൗലോസ് വ്യക്തമാക്കി. പൗലോസ് അരയോപഗമദ്ധേ നിന്നുകൊണ്ടു പറഞ്ഞത് : അഥേനേ പുരുഷന്മാരേ, നിങ്ങൾ എല്ലാറ്റിലും അതിഭക്തന്മാർ എന്നു ഞാൻ കാണുന്നു. ഞാൻ ചുറ്റിനടന്നു നിങ്ങളുടെ പൂജാസ്ഥാനങ്ങളെ നോക്കുമ്പോൾ അജ്ഞാതദേവനു എന്നു എഴുത്തുള്ള ഒരു വേദിക്കല്ലു കണ്ടു; എന്നാൽ നിങ്ങൾ അറിയാതെ പൂജിക്കുന്നത് തന്നേ ഞാൻ നിങ്ങളോട് അറിയിക്കുന്നു. ലോകവും അതിലുള്ളത് ഒക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിൽനിന്നും ഭൂമിക്കും നാഥനാകകൊണ്ട് കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല. താൻ എല്ലാവർക്കും ജീവനും ശ്വാസവും സകലവും കൊടുക്കുന്നവൻ അകയാൽ വല്ലതിനും മുട്ടുള്ളവൻ എന്നപോല മാനുഷ്യകൈകളാൽ ശുശ്രൂഷ ആവശ്യപ്പെടുന്നില്ല. ഭൂതലത്തിൽ എങ്ങും കുടിയിരിപ്പാൻ അവൻ ഒരുത്തനിൽനിന്നു മാനുഷ്യജനതയെ ഒക്കെയും ഉളവാക്കി. അവരുടെ നിവാസത്തിന് അതിരുകളും കാലങ്ങളും നിശ്ചയിച്ചു. അവർ ദൈവത്തെ തപ്പിനോക്കി കണ്ടെത്തുമോ എന്നു വെച്ചു അവനെ അന്വേഷിക്കേണ്ടതിന്നുതന്നേ. അവൻ നമ്മിൽ ആർക്കും അകന്നിരിക്കുന്നവനല്ലതാനും. അവനിലല്ലോ നാം ജീവിക്കുകയും ചരിക്കുകയും ഇരിക്കുകയും ചെയ്യുന്നത്. അങ്ങനെ നിങ്ങളുടെ കവിവരന്മാരിലും ചിലർ: നാം അവന്റെ സന്താനമല്ലോ എന്നു പറഞ്ഞിരിക്കുന്നു. നാം ദൈവത്തിന്റെ സന്താനം എന്നു വരികയാൽ ദൈവം മനുഷ്യന്റെ ശില്പവിദ്യയും സങ്കല്പവും കൊണ്ട് കൊത്തിത്തീർക്കുന്ന പൊൻ, വെള്ളി, കല്ല് എന്നിവയുടെ സദൃശം എന്ന് നിരൂപിക്കേണ്ടതല്ല(അപ്പോ. 17:22-29).

പ്രകൃതി ദൈവികവെളിപ്പാടാണെന്ന് ബൈബിൾ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു. പകൽ പകലിന് വാക്കു പൊഴിയുന്നു. രാത്രി രാത്രിക്ക് അറിവ്കൊടുക്കുന്നു. ഭാഷണമില്ല, വാക്കുകളില്ല, ശബ്ദം കേൾപ്പാനില്ല. ഭൂമിയിൽ എല്ലാടവും അതിന്റെ അളവുനൂലും ഭൂതലത്തിന്റെ അറ്റത്തോളം അതിന്റെ വചനങ്ങളും ചെല്ലുന്നു. അവിടെ അവൻ സൂര്യന് ഒരു കൂടാരം അടിച്ചിരിക്കുന്നു. അതു മണവറയിൽ നിന്ന് പുറപ്പെടുന്ന മണവാളനു തുല്യം. വീരനെപ്പോലെ തന്റെ ഓട്ടം ഓടുവാൻ സന്തോഷിക്കുന്നു. ആകാശത്തിന്റെ അറ്റത്തുനിന്ന് അതിന്റെ ഉദയവും അറുതിവരെ അതിന്റെ അയനവും ആകുന്നു. അതിന്റെ ഉഷ്ണം ഏൽക്കാതെ മറഞ്ഞിരിക്കുന്നതിനു ഒന്നുമില്ല: (സങ്കീ. 19:1-6).

പ്രകൃതിയിലൂടെയുള്ള ദൈവികവെളിപ്പാടിന്റെ പരിമിതിയെക്കുറിച്ചും വൈകല്യങ്ങളെക്കുറിച്ചും പൗലോസ് അപ്പോസ്തലൻ രേഖപ്പെടുത്തുന്നു. ദൈവത്തെക്കുറിച്ച് അറിയാകുന്നത് അവർക്ക് വെളിവായിരിക്കുന്നു. ദൈവം അവർക്ക് വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ സദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്ക് തെളിവായി വെളിപ്പെട്ടുവരുന്നു. അവർക്ക് പ്രതിവാദമില്ലാതിരിക്കേണ്ടതിന്നു തന്നേ. അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്ന് ഓർത്ത് മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരുപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. ജ്ഞാനികൾ എന്നു പറഞ്ഞു കൊണ്ട് അവർ മൂഢരായിപ്പോയി. അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയയുള്ള മനുഷ്യൻ, പക്ഷി, നാൽക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു : (റോമ. 1:19-23). യഹോവയുടെ നാമം ഭൂമിയിലൊക്കെയും ശ്രേഷ്ഠമായിരിക്കുന്നുവെന്നു 8 -ാം സങ്കീർത്തനം ഘോഷിക്കുന്നു.

## 2. മനസാക്ഷി

ദൈവസാദൃശ്യത്തിലാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. തന്മൂലം ദൈവഹിതം അറിയുവാനും ദൈവവുമായി ബന്ധപ്പെടുവാനും എല്ലാ സാദ്ധ്യതയും മനുഷ്യന് ലഭിച്ചിട്ടുണ്ട്. മനുഷ്യന്റെ മനസാക്ഷിയും നൈതികബോധവും ദൈവത്തെ വെളിപ്പെടുത്തുന്നു. ന്യായപ്രമാണമില്ലാതെ ജാതികൾ ന്യായപ്രമാണത്തിലുള്ളത് സ്വഭാവത്താൽ ചെയ്യുമ്പോൾ ന്യായപ്രമാണമില്ലാത്ത അവർ തങ്ങൾക്ക് തന്നേ ഒരു ന്യായപ്രമാണം ആകുന്നു. അവരുടെ മനസാക്ഷി കൂടെ സാക്ഷ്യം പറഞ്ഞതും അവരുടെ വിചാരങ്ങൾ തമ്മിൽ കുറ്റം ചുമത്തുകയോ പ്രതിവാദിക്കുകയോ ചെയ്തുംകൊണ്ടും അവർ ന്യായപ്രമാണത്തിന്റെ പ്രവൃത്തി തങ്ങളുടെ ഹൃദയത്തിൽ എഴുതിയിരിക്കുന്നതായി കാണിക്കുന്നു. (റോമ. 2:14,15). മനുഷ്യന്റെ മനസാക്ഷിയിൽ നന്മതിന്മകളെക്കുറിച്ചുള്ള വിവേകം നല്കുന്നത് ദൈവമാണ്. മനസാക്ഷിയുടെ ആജ്ഞതയെ അവഗണിച്ചുകൊണ്ട് ദുഷ്ടത പ്രവൃത്തിക്കുന്നവർ ദൈവസന്നിധിയിൽ കണക്കു ബോധിപ്പിക്കുവാൻ ബാദ്ധ്യസ്ഥരാണ്.

സുവിശേഷ സത്യം കേട്ടിട്ടല്ലാത്തവർ മനസാക്ഷിക്ക് അനുസരണമായാണ് വിധിക്കപ്പെടുന്നത്. മനുഷ്യന്റെ പ്രകൃതിയിൽ തന്നെയുള്ള ദൈവീക പ്രേരണയിൽ നിന്ന് ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. അനീതികൊണ്ട് സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്ന് വെളിപ്പെടുന്നു. ദൈവത്തെക്കുറിച്ച് അറിയാകുന്നത് അവർക്ക് വെളിവായിരിക്കുന്നു; ദൈവം അവർക്ക് വെളിവാക്കിയല്ലോ(റോമ. 1:18,19)

## 3. പരിപാലനം

ദൈവം ദുഷ്ടനെയും നീതിമാനെയും പരിപാലിക്കുകയും അതിലൂടെ തന്റെ അസ്തിത്വം വെളിപ്പെടുത്തുകയും ചെയ്യുന്നു. സകല ജഡത്തിനും ആഹാരം കൊടുക്കുന്നവന്ന് അവന്റെ

ദയ എന്നേക്കുമുള്ളത എന്ന് സങ്കീർത്തനക്കാരൻ (136:25) ദൈവിക പരിപാലനത്തെ പ്രഘോഷിക്കുന്നു. ക്രിസ്തുവും ഇക്കാര്യം വ്യക്തമാക്കി പഠിപ്പിച്ചു. അവൻ ദുഷ്ടൻമാരുടെ മേലും നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെ മേലും നീതികെട്ടവരുടെ മേലും മഴ പെയ്യിക്കുകയും ചെയ്യുന്നുവല്ലോ: (മത്താ. 5:45). അതുകൊണ്ട് ഞാൻ നിങ്ങളോട് പറയുന്നത് : എന്ത് തിന്നും എന്ത് കുടിക്കും എന്ന് നിങ്ങളുടെ ജീവന്നായിക്കൊണ്ടും എന്ത് ഉടുക്കും എന്ന് ശരീരത്തിന്നായിക്കൊണ്ടും വിചാരപ്പെടരുത്; ആഹാരത്തേക്കാൾ ജീവനും ഉടുപ്പിനേക്കാൾ ശരീരവും വലുതല്ലോ? ആകാശത്തിലെ പറവകളെ നോക്കുവിൻ; അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവെക്കുന്നതുമില്ല; എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ പുലർത്തുന്നു; അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലയോ? (മത്താ. 6:25,26).

# ആസവിശേഷവെളിപ്പാട്

മനുഷ്യൻ ദൈവത്തെക്കുറിച്ച് അറിയുന്നതിന് ദൈവം സ്വയം വെളിപ്പെടുത്തേണ്ടതാണ്. അതിന് രണ്ട് കാരണങ്ങളുണ്ട്.

## 1. ദൈവം സർവ്വാതിശായിയാണ്.

ദൈവം മനുഷ്യന്റെ അറിവിന് അതീതമാണ്. മാനുഷീകമായ അറിവിന്റെ വഴികളിലൂടെ ദൈവത്തെ പ്രാപിക്കുവാൻ കഴിയുകയില്ല. നമുക്ക് അറിഞ്ഞുകൂടാത്തവണ്ണം ദൈവം അത്യുന്നതനാണ്; അവന്റെ ആണ്ടുകളുടെ സംഖ്യ ആരാഞ്ഞുകൂടാത്തതാണ്: (ഇയ്യോ. 36:26). അപ്പോസ്തലനായ പൗലോസ് ദൈവത്തെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തുന്നു. "ധന്യനായ ഏകാധിപതിയും രാജാതിരാജാവും കർത്താധികർത്താവും താൻമാത്രം അമർത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യർ ആരും കാണാത്തവനും കാണ്മാൻ കഴിയാത്തവനുമായവൻ തക്കസമയത്ത് ആ പ്രത്യക്ഷത വരുത്തും. ഇവന്ന് ബഹുമാനവും നിത്യബലവും ഉണ്ടാകട്ടേ, ആമേൻ: (1 തീമൊ. 6: 15,16).

## 2. മനുഷ്യൻ പാപിയാണ്.

ദൈവിക കാര്യങ്ങളെ കാണാൻ കഴിയാതവണ്ണം സാത്താൻ മനുഷ്യമനസ്സുകളെ കുരുടാക്കി; (2 കൊരി. 4:4). ജ്ഞാനം എന്നു പേർ പറയുന്ന ലോകജ്ഞാനം ദൈവജ്ഞാനത്തിന് എതിരാണ്; (റോമ. 1:21; 1കൊരി. 1:21). മനുഷ്യന്റെ സഹജമായ കഴിവുകൾ കൊണ്ട് ദൈവത്തെ ഗ്രഹിക്കുവാൻ സാദ്ധ്യമല്ല.

പാപിയോട് കരുണ കാണിക്കുന്ന രക്ഷകനെന്ന നിലയ്ക്കുള്ള ദൈവത്തിന്റെ വെളിപ്പാടാണ് മനുഷ്യന് ഒന്നാമതായി ആവശ്യമായിരിക്കുന്നത്. ഇതാണ് സവിശേഷവെളിപ്പാടിന്റെ വിഷയം.

സൃഷ്ടിയിലൂടെയും മനസാക്ഷിയിലൂടെയും ലഭിച്ച ദൈവിക വെളിപ്പാട് ദൈവികനിയമവും ന്യായവിധിയുമാണ് മനുഷ്യനു വെളിപ്പെടുത്തുന്നത്; പാപക്ഷമയല്ല. ഈ വെളിപ്പാട് മനുഷ്യന് ലഭിച്ചാൽതന്നെയും അത് മനസ്സിലാകണമെങ്കിൽ ആത്മീകപ്രകാശനം ആവശ്യമാണ്.

സവിശേഷവെളിപ്പാട് പ്രധാനമായി മൂന്നുവിധത്തിലുണ്ട്:

1. ദൈവം നേരിട്ടു നല്കിയ വെളിപ്പാട്;
2. ക്രിസ്തുവിന്റെ ജഢധാരണത്തിലൂടെ നല്കിയ വെളിപ്പാട്;
3. തിരുവെഴുത്തുകളിലൂടെ നല്കിയ വെളിപ്പാട്.

1. ദൈവം നേരിട്ട് നല്കിയ വെളിപ്പാട് . ദൈവം ചിലപ്പോൾ ദൂതന്മാർ മുഖേന സംസാരിച്ചു. ഉദാ: അബ്രാഹാമിനോട് (ഉത്പ.18), ലോത്തിനോട് (ഉത്പ.19).

2. ദൈവം നേരിട്ട് പ്രവാചകന്മാരോട് സംസാരിച്ചു. ദൈവം മോശേയോട് അഭിമുഖമായി സംസാരിച്ചു. ഈ ആനുകൂല്യം മറ്റാർക്കും ദൈവം നൽകിയിരുന്നില്ല. അവനോട് ഞാൻ അരുളിച്ചെയ്യുന്നത് മറപൊരുളായിട്ടല്ല അഭിമുഖമായിട്ടും സ്പഷ്ടമായിട്ടും അത്രേ; അവൻ യഹോവയുടെ രൂപം കാണുകയും ചെയ്യും. അങ്ങനെയിരിക്കെ നിങ്ങൾ എന്റെ ദാസനായ മോശേക്ക് വിരോധമായി സംസാരിപ്പാൻ ശങ്കിക്കാത്തത് എന്ത്? (സംഖ്യ.12:8). എന്നാൽ മിസ്രായീം ദേശത്ത് ഫറവോനോടും അവന്റെ സകല ഭൃത്യന്മാരോടും അവന്റെ സർവദേശത്തോടും ചെയ്‌വാൻ യഹോവ മോശെയെ നിയോഗിച്ചയച്ച സകല അത്ഭുതങ്ങളും ഭുജവീര്യവും എല്ലാ യിസ്രേയേലും കാൺകെ മോശെ പ്രവർത്തിച്ച ഭയങ്കര കാര്യമൊക്കെയും വിചാരിച്ചാൽ യഹോവ അഭിമുഖമായി അറിഞ്ഞ മോശെയെപ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ പിന്നെ ഉണ്ടായിട്ടില്ല : (ആവ. 34:10,11,12). ആദാം, കയീൻ, ഹാനോക്ക്, നോഹ, അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് തുടങ്ങി അനേകം പേരോട് ദൈവം സംസാരിച്ചു എങ്കിലും ഈ വെളിപ്പാട് രേഖപ്പെടുത്താനുള്ള നിയോഗം മോശേക്കു മാത്രമേ ലഭിച്ചുള്ളൂ.

3. സ്വപ്നത്തിലൂടെ സംസാരിച്ചു: ബാബേൽ രാജാവായ ബേൽശസ്സറിന്റെ ഒന്നാം ആണ്ടിൽ ദാനിയേൽ ഒരു സ്വപ്നം കണ്ടു, അവന് കിടക്കയിൽ വെച്ച് ദർശനങ്ങൾ ഉണ്ടായി; അവൻ സ്വപ്നം എഴുതി കാര്യത്തിന്റെ സാരം വിവരിച്ചു : (ദാനി. 7:1). പിന്നേ അവൻ അരുളിചെയ്തു: എന്റെ വചനങ്ങളെ കേൾപ്പിൻ; നിങ്ങളുടെ ഇടയിൽ ഒരു പ്രവാചകൻ ഉണ്ടെങ്കിൽ യഹോവയായ ഞാൻ അവന്ന് ദർശനത്തിൽ എന്നെ വെളിപ്പെടുത്തുകയും സ്വപ്നത്തിൽ അവനോട് അരുളിച്ചെയ്യുകയുംചെയ്യും(സംഖ്യ. 12:6).

4. ദർശനങ്ങളിലൂടെ സംസാരിച്ചു: യെശയ്യാവ്, യിരെമ്യാവ് തുടങ്ങിയ പ്രവാചകന്മാർക്കെല്ലാം ദൈവം ദർശനങ്ങൾ നൽകിയിട്ടുണ്ട്. (യെശ. 1:1; യെഹ. 1:1;8:3; 11:24; 43:3 ഇത്യാദി).

5. അത്ഭുതങ്ങളിലൂടെ സംസാരിച്ചു: ചില സന്ദർഭങ്ങളിൽ സംസാരിക്കുവാൻ ദൈവം അത്ഭുതങ്ങൾ മാദ്ധ്യമങ്ങളായി സ്വീകരിച്ചിട്ടുണ്ട്. കത്തുന്ന മുൾപടർപ്പിൽ നിന്നാണ് യഹോവ മോശെയോട് സംസാരിച്ചത് (പുറ. 3). ഗിദയോൻ നൽകിയ അത്ഭുതകരമായ അടയാളവും

(ന്യായാ. 6:37), യോനയുടെ അനുഭവങ്ങളും (1:1; 4:6) എല്ലാം ദൈവം അത്ഭുതങ്ങളിലൂടെ നൽകുന്ന വെളിപ്പാടുകൾക്ക് അപരോദാഹരണങ്ങളത്രേ.

6. ഊറീമും തുമ്മീമീലൂടെ സംസാരിച്ചു: ദൈവഹിതം അറിയുന്നതിന് പുരോഹിതന്മാർ ഉപയോഗിച്ചിരുന്ന മാദ്ധ്യമങ്ങളായിരുന്നു ഊറീമും തുമ്മീമും. ന്യായവിധിപ്പതക്കത്തിനകത്ത് ഊറീമും തുമ്മീമും (വെളിപ്പാടും സത്യവും) വെക്കേണം; അഹരോൻ യഹോവയുടെ സന്നിധാനത്തിങ്കൽ കടക്കുമ്പോൾ അവന്റെ ഹൃദയത്തിന്മേൽ ഇരിക്കേണം; അഹരോൻ യിസ്രായേൽ മക്കൾക്കുള്ള ന്യായവിധി എപ്പോഴും യഹോവയുടെ മുമ്പാകെ തന്റെ ഹൃദയത്തിന്മേൽ വഹിക്കേണം.: (പുറ28:30). അവൻ പുരോഹിതനായ എലെയാസരിന്റെ മുമ്പാകെ നിൽക്കേണം; അവൻ അവനുവേണ്ടി യഹോവയുടെ സന്നിധിയിൽ ഊരീം മുഖാന്തരം അരുളപ്പാട് ചോദിക്കേണം; അവനും യിസ്രയേൽമക്കളുടെ സർവ്വസഭയും അവന്റെ വാക്കുപ്രകാരം പോകയും അവന്റെ വാക്കുപ്രകാരം വരികയും വേണം : (സംഖ്യ. 27:21).

7. ചീട്ടിലൂടെ സംസാരിച്ചു: ചീട്ട് മടിയിൽ ഇടുന്നു; അതിന്റെ വിധാനമോ യഹോവയാലത്രേ(സദൃ. 16:33).

## 2. ജഡധാരണം

പണ്ടു ഭാഗംഭാഗമായും വിവിധമായും പ്രവാചകന്മാർ മുഖാന്തരം അരുളിചെയ്ത ദൈവം അന്ത്യകാലത്ത് പുത്രൻ മാഖാന്തരം നമ്മോട് അരുളിചെയ്തിരിക്കുന്നു (എബ്രാ. 1:1) വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു : (യോഹ.1:14). ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു : (യോഹ. 1:18). യഹോവയുടെ തേജസ്സ് (ഡൊക്സാ-സെപ്റ്റ്വജിന്റ്) വെളിപ്പെടും എന്ന് യെശയ്യാവ് (40:5) പ്രവചിച്ചു. ഞങ്ങൾ അവന്റെ തേജസ്സ് (ഡൊക്സാ) പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു എന്ന് യോഹന്നാൻ (1:14) സുവിശേഷത്തിൽ രേഖപ്പെടുത്തി. ദൈവത്തിന്റെ സത്യവചനമായ ക്രിസ്തു ദൈവത്തിന്റെ ജീവിക്കുന്ന വചനവും, വെളിപ്പാടും ആണ്.

## 3. തിരുവെഴുത്തുകൾ

ക്രിസ്തു ദൈവത്തിന്റെ ജീവവചനമായിരിക്കുന്നതുപോല തിരുവെഴുത്തുകൾ ദൈവത്തിന്റെ ലിഖിത വചനമാണ്. തിരുവെഴുത്തുകളുടെ അത്ഭുതകരമായ സംരക്ഷണവും സംപ്രേഷണവും ദൈവത്തിന്റെ കരുതലത്രേ. ദൈവം തന്നെ സ്വന്തപുത്രനെക്കുറിച്ച് നൽകിയിരിക്കുന്ന സാക്ഷ്യമാണത്. നിത്യജീവൻ മനുഷ്യന് പ്രദാനം ചെയ്യുകയാണതിന്റെ ലക്ഷ്യം. നാം മനുഷ്യരുടെ സാക്ഷ്യം കൈക്കൊള്ളുന്നു എങ്കിൽ ദൈവത്തിന്റെ സാക്ഷ്യം അതിലും വലുതാകുന്നു. ദൈവത്തിന്റെ സാക്ഷ്യമോ അവൻ തന്റെ പുത്രനെക്കുറിച്ച് സാക്ഷീകരിച്ചിരിക്കു

ന്നതു തന്നേ. ദൈവപുത്രനിൽ വിശ്വസിക്കുന്നവന്ന് ഉള്ളിൽ ആ സാക്ഷ്യം ഉണ്ട്. ദൈവത്തെ വിശ്വസിക്കാത്തവൻ ദൈവം തന്റെ പുത്രനെക്കുറിച്ച് പറഞ്ഞ സാക്ഷ്യം വിശ്വസിക്കായ്ക യാൽ അവനെഅസത്യവാദിയാക്കുന്നു. ആ സാക്ഷ്യമോ ദൈവം നമുക്ക് നിത്യജിവൻ തന്നു; ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ട് എന്നുള്ളത് തന്നേ. പുത്രനുള്ളവന്ന് ജീവൻ ഉണ്ട്; ദൈവപുത്രനില്ലാത്തവന്ന് ജീവൻ ഇല്ല: (1 യോഹ. 5:9-12).

## ദൈവവചനത്തിന്റെ പ്രാധാന്യം

- തിരുവെഴുത്തുകൾ ദൈവം മനുഷ്യർക്കയച്ച സ്നേഹനിർഭരമായ ഒരെഴുത്താണ്. അത് മുൻകാലങ്ങളിൽ എഴുതിത്തീർന്ന രക്ഷാകരചരിത്രം മാത്രമല്ല, തിരുവചനങ്ങളെ ഓരോ നാളും നാം ധ്യാനിക്കുമ്പോൾ ദൈവം ഇന്ന് എന്നോട് എന്റെ രക്ഷയെപ്പറ്റി സംസാരിക്കുന്നതുമാണ്. സ്വർഗ്ഗസ്ഥനായ പിതാവ് തിരുവെഴുത്തുകളിലൂടെ, അതീവ സ്നേഹത്തിൽ തന്റെ മക്കളേ ഉറ്റുനോക്കുകയും അവരുമായി സംഭാഷണം നടത്തുകയും ചെയ്യുന്നു.
- വിശ്വാസത്തിനുവേണ്ട ശക്തിയും, ആത്മാവിന്റെ ഭക്ഷണവും തിരുവെഴുത്തുകൾ നൽകും. കാരണം, ദൈവ വചനം സജീവവും ഫലപ്രദായകവുമാണ് (എബ്രാ 4:12). നിങ്ങളെ കെട്ടിപ്പടുക്കാനും നിങ്ങളുടെ പൈതൃകം വിശുദ്ധരുടെ മദ്ധ്യേ നിങ്ങൾക്ക് തരാനും അതിനു കഴിയും (അപ്പോ 20;32; തെസ്സ. 2:13; വെളിപ്പാട് 21)
- ദൈവത്തിന്റെ വചനം സർഗശക്തിയുള്ളതാണ്. ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചത് തന്റെ വചനത്തിലാണ്. പ്രകൃതിയിലെ ശക്തികൾ തങ്ങളെ സൃഷ്ടിച്ച ദൈവത്തിന്റെ വചനമനുസരിച്ചാണ് പ്രവർത്തിക്കുന്നത്. (സങ്കീ 148:8). ദൈവത്തിന്റെ അധരത്തിൽനിന്ന് പുറപ്പെടുന്ന വചനങ്ങളിൽ ഒന്നുപോലും ഫലം പുറപ്പെടുവിക്കാതിരിക്കില്ല (യെശ 55:11).
- തിരുവെഴുത്തുകളെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്. ക്രിസ്തുവിനെ അറിയാൻ വിശുദ്ധ ഗ്രന്ഥത്തെ അറിയണം. യേശുക്രിസ്തുവിനെപ്പറ്റിയുള്ള വിശിഷ്ടജ്ഞാനം (ഫിലി 3:8) തിരുവെഴുത്തുകളിൽ കൂടെ വായിച്ച് നേടിയെടുക്കണം.
- തിരുവെഴുത്തുകൾ അറിവു നൽകുന്നതാണ്. എന്തെന്നാൽ, അവിടെ ദൈവം തന്റെ സത്യം അതിൽ വെളിപ്പെടുത്തിയിരിക്കുന്നു. അതിലൂടെ ദൈവം തന്റെ ചിന്തയുടെയും സ്നേഹത്തിന്റേയും പ്രവർത്തനത്തിന്റെയും രീതി വ്യക്തമാക്കുന്നു. ദൈവത്തെക്കുറിച്ചും പ്രഞ്ചത്തെക്കുറിച്ചും മനുഷ്യനെക്കുറിച്ചുമുള്ള നമ്മുടെ ദർശനം ബൈബിളിൽനിന്ന് ഉരുത്തിരിയണം.
- ഇപ്രകാരമുള്ള തിരുവെഴുത്തുകളുടെ വായനയും പഠനവും വഴി ദൈവ വചനം കൂടുതൽ പ്രചരിക്കുകയും മഹത്വപൂരിതമാകുകയും ചെയ്യും (2 തെസ്സ 3:1).

ഇപ്രകാരം സവിശേഷ പ്രാധാന്യമുള്ള, അനുദിന ജീവിതത്തിന് അത്യാവശ്യമായ ദൈവ വചനം നമ്മുടെ ജീവന്റെ ഭാഗമായിത്തീരാൻ നാം ഭക്ഷിക്കേണ്ടത് ആവശ്യമാണ്. ദൈവ വചനം ഭക്ഷിക്കുന്ന പ്രക്രിയയെ ധ്യാനം എന്ന് വിളിക്കുന്നു. ദൈവവചനം ധ്യാനിക്കുന്ന വിധം നോക്കാം.

# ദൈവവചന ധ്യാനം

## എന്തുകൊണ്ടു ബൈബിൾ ധ്യാനിക്കണം?

ബൈബിൾ ദൈവത്തിന്റെ വചനമാണ്. ദൈവം നമ്മോട് ബൈബിളിലൂടെ സംസാരിക്കുന്നു. ദൈവവചനത്തിലൂടെ ദൈവത്തിന്റെ നമ്മോടുള്ള സ്നേഹം വെളിപ്പെടുകയാണ്. അവിടെ ദൈവത്തെ അനുഭവിച്ചറിയാൻ സാധിക്കുന്നു.

നമ്മുടെ ജീവിതത്തിനുവേണ്ട നിർദ്ദേശങ്ങളും, മാതൃകയും ബൈബിൾ ധ്യാനത്തിലൂടെ നമുക്ക് ലഭിക്കും. നമ്മുടെ ജിവിതാവസ്ഥകളിൽ എങ്ങനെ ജീവിക്കണമെന്ന്, എങ്ങനെ പ്രാർത്ഥിക്കണമെന്ന്, എങ്ങനെ വിശ്വസിക്കണമെന്ന് ബൈബിൾ നമെമ പഠിപ്പിക്കും.

ദൈവത്തിന്റെ വഴി മറന്നവരും അവരുടെ അന്ത്യവും ദൈവവചനം വെളിപ്പെടുത്തുന്നു. ഇത് നമ്മുടെ ജീവിത്തിൽ അനുതാപത്തിന്റേയും തിരുത്തലിന്റേയും അവസരങ്ങളെ സൃഷ്ടിക്കാൻ ഇടയാക്കുന്നു. കഴിഞ്ഞകാലങ്ങളിൽ ദൈവം തന്റെ ജനത്തിൽനിന്നും പ്രതീക്ഷിച്ച പ്രതികരണം തന്നെ ഇന്നും നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നു.

മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത് (മത്താ 4:4). ജീവൻ നല്കുന്ന ദൈവവചനമാകുന്ന അപ്പം ഭക്ഷിക്കാൻ നാം തയ്യാറാകുന്നില്ല, അഥവാ വചനം ധ്യാനിക്കുമ്പോൾ നാം പലപ്പോഴും മനസ്സുവയ്ക്കുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് ദൈവവചനത്തെ അന്നന്നത്തെ അപ്പത്തോടാണ് സാദൃശപ്പെടുത്തിയത്. അപ്പം സ്വാദിഷ്ടമാണ്; ജീവൻ നിലനിറുത്തുന്നു. ശരീരം പുഷ്ടിപ്പെടുത്തുന്നു. ഈ അപ്പം ഭക്ഷിക്കാതെ, മേശപ്പുറത്തുതന്നെ ഇരിക്കുകയാണെങ്കിൽ നമ്മുടെ ശരീരത്തിന് എന്തെങ്കിലും ഗുണംചെയ്യുമോ? ദൈവവചനം ധ്യാനിക്കണം,, നമ്മുടെ ജിവിതത്തിന്റെ ഭാഗമാക്കി മാറ്റണം. ദാവീദ് പറഞ്ഞു; അങ്ങേയ്ക്കെതിരേ പാപം ചെയ്യാതിരിക്കേണ്ടതിന് ഞാൻ അങ്ങയുടെ വചനം ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നു. (സങ്കീ 119:11).

1. ദൈവവചന ധ്യാനത്തിന്റെ അഭാവം ആത്മീയ ശോഷണത്തിന് കാരണമായിത്തീരും.

ഭക്ഷണം കഴിക്കാതിരിക്കലിന്റെ അന്ത്യം സാവധാനമായുള്ള മരണമാണ്. എത്ര ശക്തനാണെങ്കിലും അത് സംഭവിക്കും. ആത്മീയമായും ഇങ്ങനെതന്നെയാണ് സംഭവിക്കുന്നത്. ദാവീദ് പറയുന്നു: അങ്ങയുടെ വാഗ്ദാനമനുസരിച്ച് എന്നെ ശക്തിപ്പെടുത്തണമേ"(സങ്കീ 119:28). ദൈവവചന വായനയും സ്വീകരണവും ഒരുവനിലുണ്ടാക്കുന്ന മാറ്റം എന്താണെണ് വചനം പറയുന്നു-അവാച്യവും മഹത്വപൂർണവുമായ സന്തോഷത്തിൽ മുഴുകും.(1പത്രോ 1:8)

2. ആത്മീയ മരണത്തിന് കാരണമായിത്തീരും

ജീവൻ നല്കുന്ന, ജീവൻ നിലനിറുത്തുന്ന, ദൈവവചനത്തിന്റെ തിരസ്കരണം ആത്മീയ മരണത്തിലേയ്ക്ക് നയിക്കുന്നു. നമ്മുടെ അനുദിന ജീവിതത്തിന് ശക്തി പകരുന്നതും സന്തോഷം പ്രദാനംചെയ്യുന്നതും എന്താണ്? ദിവസവും നടത്തുന്ന ബൈബിൾ ധ്യാനമോ അതോ ടെലിവിഷൻപോലുള്ള മാധ്യമങ്ങളോ? ദൈവവചനം മനുഷ്യാത്മാവിന് മാത്രമല്ല മനുഷ്യശരീരത്തിനും ആരോഗ്യത്തെ പ്രദാനംചെയ്യും(സദൃ 3:1,2-8). ദൈവം നല്കിയിരിക്കുന്ന വാഗ്ദാനമിതാണ് ഞാൻ നിന്നെ സുഖപ്പെടുത്തുന്ന കർത്താവാണ് (പുറ 15:26).

3. പ്രലോഭനങ്ങൾ നമ്മിൽ കൂടും

ദൈവവചനം പിശാചിന്റെമേലും തിന്മയുടെമേലും വിജയം നേടിത്തരും. യേശുവിനെ സാത്താൻ മരുഭൂമിയിൽ പരീക്ഷിച്ചപ്പോൾ ദൈവവചനം ഉദ്ധരിച്ചുകൊണ്ട് യേശു അവന് മറുപടി നല്കി. ദൈവവചനത്തെ ദുർവ്യാഖ്യാനംചെയ്ത് പിശാചും ഉദ്ധരിക്കുന്നു. (മത്താ. 4:6) സാത്താൻ വചനത്തെ ദുർവ്യാഖ്യാനം ചെയ്ത് യേശുവിനോട് പറഞ്ഞുവെങ്കിൽ ഇതേ പ്രലോഭനവുമായി അവൻ നമ്മുടെ അടുക്കലേക്കും വരും. ആ അവസരങ്ങളിൽ നമുക്കു പറയാൻ കഴിയണം, എന്റെ ഉള്ളിലുള്ളവൻ (പരിശുദ്ധാത്മാവ് നമുക്ക് നല്കിയിരിക്കുന്ന ബൈബിൾ വചനങ്ങൾ) ലോകത്തിലുള്ളവനേക്കാൾ (പിശാചിലും ലോകമനുഷ്യരിലും നിഞ്ഞുനിൽക്കുന്ന തത്ത്വചിന്തകളേക്കാൾ; ജീവിതരീതികളേക്കാൾ) വലിയവനാണ് (1 യോഹ 4:4). സാത്താനെ എതിർത്ത് തോൽപ്പിക്കാൻ യാതൊരു ഭയത്തിന്റേയും ആവശ്യമില്ല. കാരണം,ഭീരുത്വത്തിന്റെ ആത്മാവിനെയല്ല ദൈവം നമുക്ക് നല്കിയത്; ശക്തിയുടേയും സ്നേഹത്തിന്റെയും ആത്മനിയന്ത്രണത്തിന്റേയും ആത്മാവിനെയാണ്(1 തിമോ 1:7).

4. ഈ ലോകവും പിശാചും തരുന്ന ബന്ധനങ്ങൾക്ക് അടിമയായിത്തീരും

ദൈവവചനം വിമോചനത്തിന്റെ വചനമാണ്, എല്ലാ ബന്ധനങ്ങളെയും അഴിക്കാനും വിടുവിക്കാനും അതിന് ശക്തിയുണ്ട്. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് തന്റെ ആദ്യപ്രസംഗം ആരംഭിക്കുന്നതുതന്നെ ഈ വിമോചനത്തിന്റെ ദൈവവചനം വായിച്ചുകൊണ്ടാണ്: കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു......(യെശ 4:17-22)

## ബൈബിൾ എങ്ങനെ ധ്യാനിക്കണം?

മറ്റേതൊരു പുസ്തകം വായിക്കുന്നതുപോലെ ബൈബിൾ വായിച്ചാൽ ദൈവത്തിന്റെ സ്വരം തിരിച്ചറിയാൻ സാധിക്കില്ല. ബൈബിൾ ആഴമായി വായിക്കുമ്പോൾ (ധ്യാനിക്കുമ്പോൾ) നമ്മൾ ശ്രദ്ധിക്കേണ്ടതും നമ്മിൽ അടിസ്ഥാനപരമായി ഉണ്ടായിരിക്കേണ്ടതുമായ ചില മനോഭാവങ്ങളെ ഇവിടെ അവതരിപ്പിക്കുന്നു.

1. ബൈബിൾ ദിവസേന ധ്യാനിക്കണം.

ബെരോവായിലെ ആദിക്രിസ്ത്യാനികളെക്കുറിച്ച് ലൂക്കോസ് വിവരിക്കുമ്പോൾ അവരെപ്പറ്റിപറഞ്ഞിരിക്കുന്നത് അവർ തിരുവെഴുത്തുകൾ അനുദിനം വായിച്ചിരുന്നു എന്നതാണ്(അപ്പൊ 17:11). ആദിമ നൂറ്റാണ്ടുകളിലെ ക്രൈസ്തവർ വിശ്വസ്തതയോടെ തുടർന്നുവന്നിരുന്ന ജീവിത ചര്യയായിരുന്നു ദിവസേന തിരുവെഴുത്തുകൾ വായിക്കുക എന്നത്. ദിവസേനയുള്ള ദൈവചന വായന നൽകുന്ന അനുഗ്രഹങ്ങൾ ഏറെയാണ്. ഇന്നിന്റെ തിരക്കിലും അസ്വസ്ഥതകളിലും ദൈവകേന്ദ്രീകൃതമായ ഒരു ജീവിതത്തിന് ദൈവമക്കൾ ദിവസവും ബൈബിൾ വായിക്കാൻ സമയം കണ്ടെത്തേണ്ടിയിരിക്കുന്നു.

2. കൃതജ്ഞതാ (നന്ദി) മനോഭാവത്തോടെ ധ്യാനിക്കണം.

നൂറ്റാണ്ടുകളുടെ സമയമെടുത്ത്, അനേകർ, വിവിധ ഭാഷാ സാംസ്കാരിക പശ്ചാത്തലത്തിൽ രചിച്ചതാണ് ബൈബിൾ. ഇന്ന് നമ്മൾ മലയാളത്തിൽ ദൈവവചനം വായിച്ച് മനസ്സിലാക്കുന്നു. ഇതിന്റെ പിന്നിൽ വലിയൊരു ചരിത്രമുണ്ട്, പീഡനത്തിന്റേയും സഹനത്തിന്റേയും പരിത്യാഗത്തിന്റേയും കഠിനാദ്ധ്വാനത്തിന്റേയും അതിലുപരി ദൈവകൃപയുടേതുമായ ഒരു ചരിത്രം. അനേകരുടെ നീണ്ട വർഷങ്ങളുടെ കഠിന പ്രയത്നംകൊണ്ട് ദൈവവചനം ഇന്ന് ജനകോടികൾക്ക് സ്വന്തം ഭാഷയിൽ വായിക്കാനും പഠിക്കാനും മനസ്സിലാക്കാനും സാധിക്കുന്നു. ഓരോ പ്രാവശ്യം വായിക്കാനായി ബൈബിൾ കയ്യിലെടുക്കുമ്പോൾ ദൈവവചന നല്കുവാൻ പ്രസാദിച്ച ദൈവത്തിനായി; അത് നമുക്ക് നല്കുവാൻ മുഖാന്തരമാക്കിയ ശുശ്രൂഷകർക്കായ് കൃതജ്ഞതയോടെ ഓർക്കേണ്ടിയിരിക്കുന്നു.

3. ആശ്രയമനോഭാവത്തോടെ ധ്യാനിക്കണം.

ദൈവവചനം മനുഷ്യന്റെ ഇച്ഛയിലും ചിന്തയിലും രൂപപ്പെട്ടതല്ല, അത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണ് രൂപപ്പെട്ടത്, വിശുദ്ധഗ്രന്ഥകാരന്മാരെ നിവേശിച്ച അതേ അരൂപി നമ്മെയും പ്രചോദിപ്പിക്കും., ദൈവവചനത്തിന്റെ പൂർണ്ണതയിലേക്ക് നമ്മെ നയിക്കുന്നത് പരിശുദ്ധാത്മാവാണ്. വചനം വ്യാഖ്യാനിച്ചു നൽകുന്നതും പരിശുദ്ധാത്മാവുതന്നെയാണ്. ഓരോ പ്രാവശ്യം ബൈബിൾ വായിക്കുമ്പോഴും പരിശുദ്ധാത്മാവിന്റെ സഹായം ലഭ്യമാകാൻ നാം പിതാവിനോട് അപേക്ഷിക്കാൻ മറന്നുപോകരുത്.

4. അനുസരണയോടെ ധ്യാനിക്കണം.

വായിക്കുന്ന വചനത്തോട് പ്രതികരിക്കേണ്ടതുണ്ട്. വചനം ആസ്വദിക്കാനും അറിയാനുമല്ല വായിക്കുന്നത്. അത് അനുദിനജീവിതത്തിൽ പ്രാവർത്തികമാക്കാനാണ്. വചനം ദൈവകൽപനകൾ നല്കുന്നത്, പാലിക്കപ്പെടാൻവേണ്ടിയാണ്. വചനം വാഗ്ദാനങ്ങൾ നല്കുന്നത് സ്വീകരിക്കപ്പെടാൻവേണ്ടിയാണ്.

### 5. ശ്രദ്ധയോടെ ധ്യാനിക്കണം.

അശ്രദ്ധമായി തിടുക്കത്തിലുള്ള വായന ദൈവാത്മാവിന്റെ പ്രവർത്തനത്തിന് തടസ്സ മായി മാറും. വലിയ തിരക്കിനിടയിൽ തിടുക്കത്തിൽ വായിച്ചുതീർക്കുന്നതുകൊണ്ട് ഫല മുണ്ടായി എന്നുവരില്ല. പ്രാർത്ഥനാചൈതന്യത്തിൽ, സ്വസ്ഥവും ശാന്തവുമായിരുന്ന് ദൈവ വചനം ധ്യാന്യാത്മകമായി വായിക്കണം. അത് ദൈവാരൂപിയുടെ പ്രവർത്തനത്തിനും ദൈവികദാനങ്ങളുടെ സ്വീകരണത്തിനും ഇടയാകും. നമ്മെ കൂടുതൽ നന്മയുള്ള മനുഷ്യ രാക്കി മാറ്റും. ദൈവചനത്തിന്റെ അനുസരണം ആഴമായ വിശ്വാസവും ശക്തിയും സ്നേഹവും സമാധാനവും നമുക്കു പ്രദാനംചെയ്യും.

വീണ്ടും ജനിച്ചവർ ബൈബിൾ മുഴുവൻ ഒരാവർത്തിയെങ്കിലും വായിച്ചിരിക്കണമെന്ന് ആരും പറയാതെ തന്നെ എല്ലാവർക്കും ബോധ്യമുള്ള കാര്യമാണ്. കുറെയധികം പേർ വളരെ തീക്ഷണതയോടെ തുടങ്ങി പാതിവഴിയിൽ ഉപേക്ഷിച്ചുപോകുന്നവരാണ്. കാരണം പലതാണ്. ഒന്ന് വളരെ ബൃഹത്തായ പുസ്തകം എന്നതിലാണ്. മറ്റുചിലർ വായന ആദ്യ പുസ്തകങ്ങളിൽതന്നെ അവസാനിപ്പിക്കും. നീണ്ട വംശാവലികളും ബലിയർപ്പണത്തെ ക്കുറിച്ചുള്ള നിയമങ്ങളും വിരസവും പ്രയോജനരഹിതവുമായി തോന്നി മുന്നോട്ടുവായി ക്കാനുള്ള താൽപര്യംതന്നെ ചിലർക്ക് നഷ്ടപ്പെട്ടുപോകുന്നു.

ആദ്യം പുതിയനിയമം വായിച്ചു തീർക്കുക. എന്നിട്ട് പഴയനിയമപുസ്തകങ്ങൾ വായി ക്കുക. അല്ലെങ്കിൽ താത്പര്യമനുസരിച്ച് പുസ്തകങ്ങൾ മാറിമാറി വായിക്കുകയുമാകാം. ഓരോരുത്തരും അവർക്ക് ഇഷ്ടമുള്ള രീതി തിരഞ്ഞെടുക്കുക. ഏറ്റവും പ്രധാനപ്പെട്ട കാര ്യമിതാണ്.

ഒന്ന്, എല്ലാ ദിവസവും മുടക്കം കൂടാതെ വായിക്കാൻ തീരുമാനിക്കുക.
രണ്ട്, എപ്പോഴെങ്കിലും വായിക്കാം എന്നു കരുതാതെ ദിവസത്തിന്റെ ഏതെങ്കിലും ഒരു നിർദ്ദിഷ്ട സമയം അതിനായി നീക്കിവയ്ക്കുക. എന്നും ആ സമയത്തുതന്നെ വായിക്കാൻ ശ്രമിക്കുക. രാവിലെ എഴുന്നേറ്റ ഉടനെയോ, കുളി കഴിഞ്ഞോ, ജോലിക്കുപോകുന്നതിനു മുമ്പോ, സന്ധ്യാ പ്രാർത്ഥനയുടെ സമയത്തോ, കിടക്കുന്നതിനു തൊട്ടു മുൻപോ വായി ക്കാൻ സമയം കണ്ടെത്തണം.
മൂന്നാമതായി, ഏതെങ്കിലും അപ്രതീക്ഷിത കാരണങ്ങൾകൊണ്ട് മുടങ്ങുവാൻ സാധ്യത യുണ്ട്. മുടങ്ങിപോയാല്ലോ എന്നു കരുതി നിർത്തിവയ്ക്കരുത്. യാതൊരു മടിയും കൂടാതെ വീണ്ടും ആരംഭിക്കണം. ഒരു ദിവസം ഇരുപതോ മുപ്പതോ മിനിറ്റ് ബൈബിൾ വായിക്കാൻ തീരുമാനിക്കുകയാണെങ്കിൽ ഒരു വർഷംകൊണ്ട് ബൈബിൾ മുഴുവനും വലിയ ക്ലേശം കൂടാതെ വായിച്ചുതീർക്കാൻ സാധിക്കും.

ബൈബിൾ സൂചകങ്ങൾ (ൃലളലൃലിരലെ) ഓരോ ബൈബിൾ പതിപ്പുകളിലും ഓരോ രീതിയിലാണ് എഴുതാറുള്ളത്. അക്കത്തിൽ സൂചിപ്പിച്ചിരിക്കുന്ന ബൈബിൾ വാക്യം ബൈബിളിൽനിന്ന് നോക്കിയെടുക്കേണ്ടത് എങ്ങനെയെന്ന് വിവരിക്കുന്നു. ഈ ലേഖന ത്തിൽ സ്വീകരിച്ചിരിക്കുന്ന രീതി ഇപ്രകാരമാണ്; ആദ്യം പുസ്തകത്തിന്റെ പേര് സംക്ഷിപ്ത രൂപത്തിൽ എഴുതുന്നു (ഉൽപത്തി - ഉൽപ; മത്തായി - മത്താ) പന്നീട് അദ്ധ്യായം എഴുതി കോളൻ ചിഹ്നം ഇടുന്നു. അതിനുശേഷം വാക്യമോ വാക്യങ്ങളോ എഴുതുന്നു. (മത്താ 1:1-17; മത്താ 1:1-4; 25; 1:1-4;22,25).

## എന്തിന് ദൈവവചനം മന:പാഠമാക്കണം?

ഇന്ന് അനേകർ മത്സരങ്ങൾക്കുംമറ്റുമായി ബൈബിൾ മന:പാഠമാക്കുന്നതിൽ വലിയ തീക്ഷ്ണത കാട്ടുന്നുണ്ട്. എന്നാൽ ദൈവവചനം മന:പാഠമാക്കുന്നതിലൂടെ നമുക്ക് ലഭ്യ മാകുന്ന ചില നന്മകൾ എടുത്തുപറയട്ടേ.

1. പ്രലോഭനങ്ങളുടെമേൽ വിജയംവരിക്കാൻ എന്നെ ശക്തനാക്കും (സങ്കീ 119:105)
2. ജ്ഞാനപൂർവമായയ തീരുമാനങ്ങളെടുക്കാൻ എന്നെ സഹായിക്കും (സങ്കീ119:105)
3. ഞാൻ മാനസിക പിരിമുറുക്കത്തിലായിരിക്കുമ്പോൾ എന്നെ ശക്തിപ്പെടുത്തും (സങ്കീ 119:49,50)
4. ഞാൻ ദു:ഖിതനായിരിക്കുമ്പോൾ എന്നെ ആശ്വസിപ്പിക്കും (യിരെ: 15:16)
5. അവിശ്വാസികളോട് സാക്ഷ്യപ്പെടുത്താൻ എന്നെ കെല്പുള്ളവനാക്കും (1 പത്രോ 3:15)
6. സ്വഭാവരൂപീകരണത്തിന് എന്നെ സഹായിക്കും. (സദൃ: 23:7)
7. പ്രാർത്ഥനകൾക്ക് ഉത്തരം കണ്ടെത്താൻ എന്നെ സഹായിക്കും (യിരെ 15:7)
8. എന്റെ ജീവിതത്തെ പരിവർത്തനപ്പെടുത്തും (യോശു 1:8)
9. യേശുവിന്റെ മാതൃക പിൻചെല്ലാൻ എന്നെ സഹായിക്കും (മത്താ 4:1-10)
10. അനുദിന ജീവിതസാഹചര്യങ്ങിൽ ദൈവവചനം ഉപയോഗിക്കാൻ സഹായിക്കും (അപ്പ 2:16-21, 25-28; 3:22,23; 13:40,41,47).
11. ദൈവവചനം എന്റെ ജീവിതത്തിന്റെ അടിസ്ഥാനമായി മാറും (ആവ 6:6-8)
12. എനിക്ക് മാർഗനിർദ്ദേശം നല്കും (സങ്കീ 119:24)
13. സാക്ഷ്യമേകാൻ എനിക്ക് ശക്തി നല്കും (യെശ 55:11)
14. എന്റെ പ്രാർത്ഥനാ ജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറും (അപ്പോ 4:24-31)
15. എനിക്ക് ക്രിസ്തുവിന്റെ ശരീരത്തിലെ മറ്റംഗങ്ങളെ പഠിപ്പിക്കാനും നയിക്കാനും പ്രചോദിപ്പിക്കാനും പടുത്തുയർത്താനും സാധിക്കും (കൊലോ 3:16)
16. പ്രതിസന്ധികളിൽ ആശ്വാസമായി ദൈവവചനം വളരെ പെട്ടെന്ന് എനിക്ക് ലഭ്യമാകും (സങ്കീ 119:52)
17. എന്റെ ആദ്ധ്യാത്മികജീവിതത്തിന് ഉറപ്പ് നല്കും. (സങ്കീ 37:31; 40:8)
18. എനിക്ക് സത്യം വെളിപ്പടുത്തിത്തരുന്നു. അങ്ങനെ എന്റെ പ്രത്യാശയുടെ ഉറവിടത്തെക്കുറിച്ച് മറ്റുള്ളവർക്ക് ഉത്തരംകൊടുക്കേണ്ടിവരുമ്പോൾ എന്നെ സഹായിക്കും (സദൃ 22:17-21; 1 പത്രോ 3:15).

## പ്രാർത്ഥനയുടെ ആവശ്യം

ബൈബിൾ ധ്യാനം ആരംഭിക്കുന്നതിനു മുമ്പ് ദൈവത്തോട് ജ്ഞാനത്തിനും അനുഗ്രഹത്തിനുമായി പ്രാർത്ഥിക്കണം. ദൈവം നമ്മോട് സംസാരിക്കുന്നവ എഴുതാനായി ഒരു

നോട്ട്ബുക്ക് കരുതേണ്ടതാണ്. താഴെ പറയുന്ന കാര്യങ്ങൾ ഓരോന്നായി തിടുക്കം കൂട്ടാതെ പ്രാർത്ഥനാചൈതന്യത്തിൽ ചെയ്യണം.

1. ക്രമമായി ധ്യാനിക്കുവാൻ ഒരു ബൈബിൾ പുസ്തകം തിരഞ്ഞെടുക്കുക.
2. ആ ബൈബിൾ പുസ്തകത്തിന്റെ പശ്ചാത്തലം എന്തെന്ന് പരിശോധിക്കുക.

A. ഏതുതരം പുസ്തകത്തിൽനിന്നാണ് ബൈബിൾ ഭാഗം എടുത്തിരിക്കുന്നത് എന്ന് പരിശോധിക്കുക (സുവിശേഷംപോലെ വിവരണാത്മക ചരിത്രഗ്രന്ഥമാണോ? വെളിപ്പാട്പുസ്തകംപോലെ അപ്പോകാലിപ്റ്റിക് ശൈലിയിലെഴുതിയതാണോ? കത്തിന്റെ ശൈലിയിലെഴുതപ്പെട്ട ലഘുലേഖനമാണോ?ഏതെങ്കിലും പ്രത്യേക സഭയ്ക്കെഴുതിയതാണോ? പുസ്തകത്തിന്റെ രചനാശൈലിയും പുസ്തകത്തെപ്പറ്റിയുള്ള പൊതുവായ കാര്യങ്ങളും ബൈബിളിൽത്തന്നെ ഓരോ പുസ്തകത്തിന്റേയും ആരംഭത്തിൽ ആമുഖമായി കൊടുത്തിട്ടുണ്ടാകാം. അത് വായിച്ചാൽ മതിയാകും.)

B. അതുപോലെതന്നെ ആ പുസ്തകത്തിന്റെ കേന്ദ്രം എന്താണ്, എന്ത് ലക്ഷ്യത്തോടെയാണ് ആ പുസ്തകം രചിച്ചതെന്ന് അറിയണം (ആമുഖത്തോടൊപ്പം പുസ്തകത്തിന്റെ ആരംഭവും അവസാനവും വായിച്ചുനോക്കുക. ആ ഭാഗങ്ങളിലെ തലക്കെട്ടുകളും പരിശോധിക്കുക)

C. നിങ്ങൾ പഠിക്കുന്ന ദൈവവചന ഭാഗത്തിന് തൊട്ടുമുമ്പും അതിനുശേഷവും എന്തിനെക്കുറിച്ചാണ് പറയുന്നതെന്ന് നോക്കണം. അടിക്കുറിപ്പായി (മാർജിനിലും) മറ്റേതെങ്കിലും വചനഭാഗം കൊടുത്തിട്ടുണ്ടെങ്കിൽ അതും വായിക്കണം.

D. ബൈബിൾ ഭാഗം ഒരാവർത്തി അർത്ഥം മനസ്സിലാകത്തക്കവിധം വായിക്കണം.

E. വചനഭാഗത്തിന്റെ കേന്ദ്രാശയം കണ്ടുപിടിക്കുക. അതിനായി വചനഭാഗത്തുള്ള പ്രധാനപ്പെട്ട വാക്കുകളും വാക്യങ്ങളും ഏതാണെന്ന് മനസ്സിലാക്കണം. അതിൽ ഏതു വാക്കാണ് വചനഭാഗത്ത് ആവർത്തിച്ച് ഉപയോഗിച്ചിരിക്കുന്നത്, അതിനു സമാനമായി മറ്റേതെങ്കിലും പദം ഉപയോഗിച്ചിട്ടുണ്ടോ? ഏതെങ്കിലും തരത്തിലുള്ള താരതമ്യപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടോ? വിവരണത്തിലെ കഥാപാത്രങ്ങൾ ആരൊക്കെ ആരാണ് പ്രധാനപ്പെട്ട രണ്ടു കഥാപാത്രങ്ങൾ? അവസാനം പറഞ്ഞിരിക്കുന്നത് എന്താണ്? ഏതെങ്കിലും വൈരുദ്ധ്യമായി അവതരിപ്പിച്ചിട്ടുണ്ടോ? തുടങ്ങിയചോദ്യങ്ങൾക്കുള്ള ഉത്തരം ആ ബൈബിൾ ഭാഗത്തിന്റെ കേന്ദ്രാശയം കണ്ടെത്താൻ സഹായിക്കും. നമ്മൾ രൂപപ്പെടുത്തിയെടുക്കുന്ന കേന്ദ്രാശയത്തിന് യേശുവിന്റെ പ്രഘോഷണവുമായും സുവിശേഷകന്റെ രചനയുമായും ബന്ധമുണ്ടായിരിക്കണം.

F. ബൈബിൾ ഭാഗം വീണ്ടും ഒരിക്കൽകൂടി വായിക്കുക. എന്നിട്ട് ഒരു ചോദ്യം ചോദിക്കണം ഈ വചനഭാഗത്തിന്റെ ഉദ്ദേശ്യം, ലക്ഷ്യം എന്താണ്? അന്വേഷണം സത്യസന്ധമായിരിക്കേണം. നമുക്ക് ആവശ്യമായുള്ള ഉത്തരങ്ങൾ രൂപപ്പെടുത്തിയെടുക്കലാകരുത്. ഉത്തരം രൂപപ്പെടുന്നത് പശ്ചാത്തല പഠനത്തിൽ നിന്നും കേന്ദ്രാശയപഠനത്തിൽ നിന്നുമാണ്. ഗ്രന്ഥകാരൻ പറയുന്നത് എന്താണെന്ന് മനസ്സിലാക്കിയെടുക്കാനാണ് ശ്രമിക്കേണ്ടത്. നിങ്ങളുടെയും മറ്റുള്ളവരുടെയും ജീവിതത്തെ പരിവർത്തനപ്പെടുത്താനുതകുന്ന പ്രധാനപ്പെട്ട സന്ദേശങ്ങൾ ആ വചനഭാഗത്ത് ഉണ്ടായിരിക്കും.

G. ഈ വചനഭാഗത്തുനിന്ന് നിങ്ങൾ ദൈവത്തെക്കുറിച്ച് എന്ത് മനസ്സിലാക്കുന്നു? മനുഷ്യസ്വഭാവത്തെക്കുറിച്ച് എന്തുമനസ്സിലാക്കുന്നു? ഈ വചനഭാഗം നിങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് ചിന്തിക്കുക. കൂടുതൽ വിശ്വസ്തനായ ഒരു ക്രിസ്തുശിഷ്യനായി മാറാൻ, നിങ്ങളുടെ അയല്ക്കാരോട് കൂടുതൽ സ്നേഹത്തോടെ പെരുമാറാൻ ആവും വിധം നിങ്ങളുടെ ജീവിതത്തിൽ മാറ്റംവരുത്തേണ്ട ഏതെങ്കിലുമുണ്ടോ എന്ന് പരിശോധിക്കുക. ഈ മാറ്റം ജീവിതത്തിൽ വരുത്താനായി ദൈവത്തിന്റെ സഹായം യാചിക്കുക.

H. നിങ്ങൾ പഠിച്ചത് മറ്റാരെങ്കിലുമായി പങ്കുവയ്ക്കണം. ദൈവവചനം പഠിക്കുന്നത് അതനുസരിച്ച് ജീവിക്കാനാണ്. സുവിശേഷത്താൽ വീണ്ടും ജനിച്ചവർ സുവിശേഷം വാക്കിലൂടെയും പ്രവൃത്തിയിലൂടെയും പ്രസംഗിക്കുന്നു; മറ്റുള്ളവരെ കർത്താവിനായി നേടുന്നു.

I. ബൈബിൾ പഠനം പണ്ഡിതന്മാർക്കു മാത്രം പറഞ്ഞിട്ടുള്ളതല്ല. അവരുടെ സഹായവും മാർഗ്ഗ നിർദ്ദേശവും തീർച്ചയായും അത്യാവശ്യമാണ്. പ്രത്യേകിച്ചും ചില ബുദ്ധിമുട്ടേറിയ വചനഭാഗങ്ങളും പുസ്തകങ്ങളും മനസ്സിലാക്കാൻ. എന്നാൽ പണ്ഡിതരുടെ അനുവാദംകൂടാതെ ദൈവത്തിന് മനുഷ്യരോട് സംസാരിപ്പാൻ സാധിക്കും. പ്രധാനപ്പെട്ടത് ദൈവത്തിന്റെ അരൂപിയാൽ നയിക്കപ്പെടുക, എളിമയിലും വിശ്വാസത്തിലും ഭക്തിയിലും വചനത്തെ സമീപിക്കുക. എങ്കിൽ ഗൗരവമായ തെറ്റുപറ്റാനുള്ള സാധ്യത കുറവാണ്. അതുകൊണ്ട് പ്രാർത്ഥനയോടെ പഠനം ആരംഭിക്കുക എന്നുള്ളതാണ് പ്രധാനം, ബാക്കിയെല്ലാം ദൈവം സഹായിക്കും.

## ബൈബിൾ വിഷയ പഠനം

ഒരു വിഷയം ബൈബിൾ പശ്ചാത്തലത്തിൽ എങ്ങനെ പഠിക്കാമെന്ന് ചുരുക്കി വിവരിക്കുന്നു. വിഷയ പഠനം മൂന്നു തലത്തിലായി നടത്താം.

ഒന്നാമത് ആ വിഷയവുമായി ബന്ധപ്പെട്ട് ബൈബിളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ ബൈബിളിൽനിന്ന് തിരഞ്ഞെടുക്കുക. ഉദാഹരണമായി ചില ബൈബിൾ വചനങ്ങൾ, സംഭവങ്ങൾ, ദൃഷ്ടാന്തങ്ങൾ, കഥാപാത്രങ്ങൾ തുടങ്ങിയവ. നമ്മൾ ഓരോ വിഷയവും പഠിക്കുമ്പോഴും ബൈബിൾ ആദ്യം മുതൽ അവസാനംവരെ വായിച്ച് ഒരു തിരഞ്ഞെടുപ്പ് നടത്തുക അസാധ്യമാണ്. അതിന്റെ ആവശ്യവുമില്ല. അത്തരം അനേകം പഠനങ്ങൾ നൂറ്റാണ്ടുകളായി തയ്യാറാക്കപ്പെട്ടിട്ടുണ്ട്. മലയാള ഭാഷയിൽ പുസ്തകങ്ങൾ കുറവാണെങ്കിലും ഇംഗ്ലീഷ് ഭാഷയിൽ അനേകം ഗ്രന്ഥങ്ങളുണ്ട്. വിഷയപഠനത്തിനു നമ്മെ സഹായിക്കുന്ന രണ്ടു തരം ഗ്രന്ഥങ്ങളുണ്ട്; ബൈബിൾ കോൺകോഡൻസും (രീിരീൃറമിരല) റ്റോപ്പിക്കൽ ബൈബിളും (ഠീുശരമഹ ആശയഹല.)നാം പഠിക്കാനാഗ്രഹിക്കുന്ന വിഷയങ്ങളോ അനുബന്ധവിഷയങ്ങളോ തിരഞ്ഞെടുക്കുക. അക്ഷരമാല ക്രമത്തിലായിരിക്കും ഗ്രന്ഥത്തിൽ വിഷയങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്. ചില ഇംഗ്ലീഷ് ബൈബിളുകളുടെ അവസാനഭാഗത്ത് ഏതാനും പേജുകളിലായി ഏതാനും വിഷയങ്ങളുടെ പഠനം കൊടുത്തിട്ടുണ്ടാവും. അതും ഉപയോഗിക്കാവുന്നതാണ്.

രണ്ടാമത്തെ തലം, ടോപ്പിക്കൽ ബൈബിളിൽ ആ വിഷയവുമായി ബന്ധപ്പെടുത്തി കൊടുത്തിരിക്കുന്ന എല്ലാ ബൈബിൾ ഭാഗവും വായിച്ച് കൂടുതൽ വിശദമായ ഒരു തരംതിരിവ് നട

ത്തുക എന്നുള്ളതാണ് വിഷയം. അതിന്റെ സമഗ്രതയിലും വ്യക്തതയിലും ലളിതമായും അവതരിപ്പിക്കാനുതകുന്നതരത്തിലുള്ള ഒരു തരംതിരിവായിരിക്കണം ഇത്.

മൂന്നാമത്തെ തലം, ഈ തയ്യാറാക്കിയ ബൈബിൾ വിഷയത്തോട് സ്വന്തം അനുഭവങ്ങൾ, മറ്റ് ഉദാഹരണങ്ങൾ, ദൈവശാസ്ത്ര ഗ്രന്ഥങ്ങളിൽനിന്നുള്ള വിവരണങ്ങൾ തുടങ്ങിയവയെല്ലാം ചേർത്ത് ജീവിതത്തിൽ പകർത്താനുള്ളതായി അത് രൂപപ്പെടുത്തുക എന്നുളളതാണ്.

ഉദാഹരണമായി കഷ്ടം സഹിക്കൽ എന്ന വിഷയത്തെ മേൽവിവരിച്ച രീതിയിൽ എങ്ങനെ പഠിക്കാമെന്ന് നോക്കാം;

## 1. ക്രിസ്തുവിനുവേണ്ടി

അപ്പൊ 9:16 എന്റെ നാമത്തെപ്രതി അവൻ എത്രമാത്രം സഹിക്കേണ്ടിവരുമെന്ന് അവനു ഞാൻ കാണിച്ചുകൊടുക്കും.

1കൊരി 4:12-13

സ്വന്തം കൈകൊണ്ടു ഞങ്ങൾ അദ്ധ്വാനിക്കുന്നു. നിന്ദിക്കപ്പെടുമ്പോൾ ഞങ്ങൾ അനു ഗ്രഹിക്കുന്നു; പീഡിപ്പിക്കപ്പെടുമ്പോൾ അടിപതറാതെനിൽക്കുന്നു. ദൂഷണം പറയുന്നവരോടു ഞങ്ങൾ നല്ലവാക്കുപറയുന്നു. ഞങ്ങൾ ഇപ്പോൾ ലോകത്തിന്റെ ചപ്പും ചവറും പോലെയും എല്ലാറ്റിന്റേയും ഉച്ഛിഷ്ടം പോലെയുമായിത്തീർന്നിരിക്കുന്നു.

| | | | |
|---|---|---|---|
| റോമാ. 8:17-26, | 2 കൊരി. 1:7, | 2 കൊരി. 4:11-18, | ഫിലി. 1:29, |
| ഫിലി. 2:27-30, | ഫിലി. 3:10, | കൊലോ. 1:24, | 2 തെസ്സ. 1:4-5, |
| 2 തിമോ.2:12 , | 1 പത്രോ. 4:13-14, | യാക്കോ. 5:10, | 1 പത്രോ. 5:10 |

## 2. ക്രിസ്തുവിന്റെ കഷ്ടം സഹിക്കൽ

(ലൂക്കാ 24:46,47)

ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: "ക്രിസ്തു സഹിക്കു കയും മൂന്നാം ദിവസം മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യണം. പാപമോചനത്തിനുള്ള അനുതാപം അവന്റെ നാമത്തിൽ യെരുശലേമിൽ ആരംഭിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു".

| | | |
|---|---|---|
| യോഹ. 6:51, | യോഹ. 10:11, | യോഹ. 10;15, |
| യോഹ.11;50-52, | റോമ.4:25, | റോമ.5:6-8, |
| റോമ 14:15, | 1കൊരി 1:17-18, | 1കൊരി1:23-24, |
| 1കൊരി 8:11, | 1കൊരി15:3-4, | 2കൊരി 5:14-15, |
| ഗലാ 1:4, | ഗലാ2:20-21, | എഫേ 5:2, |
| എഫേ5:25, | 1തെസ്സ 5:9-10, | എബ്രാ 2:9-10, |
| എബ്രാ 2:18, | എബ്രാ 5:8-9, | എബ്രാ 9: 15,16, |
| എബ്രാ 8:28, | എബ്രാ 10:10, | എബ്രാ 10:18-20, |
| 1പത്രോ 2:21, | 1പത്രോ 2:24, | 1 പത്രോ 3:18, |
| 1 പത്രോ 4:1, | 1യോഹ 3:16 | |

### 3. പകരം അനുഭവിക്കുന്ന കഷ്ടം

യോഹ. 15:13, റോമ. 9:31 പത്രോ. 2:21, 1യോഹ. 3:16

### 4. കഷ്ടം സഹിക്കൽ എന്നത്

1. വേദനപ്പിക്കുന്നതാണ് - 1 പത്രോ. 1:6
2. അർത്ഥരഹിതമല്ല - റോമ. 8: 28,29
3. നമ്മെ പരിശോധിക്കുന്നു - യാക്കോ. 1:2; 1 പത്രോ. 1:6,7
4. ഒരു പ്രക്രിയയാണ് - സഹനശീലം - ആത്മധൈര്യം - പ്രത്യാശ - റോമാ 5:3,4; യാക്കോ 1:3,4
5. പൂർണ്ണതയിലേക്കുള്ള ശുദ്ധീകരിക്കൽ - ഫിലി 3:12-14
6. ഒഴിവാക്കാനാവാത്തതാണ് - 1 തെസ്സ. 3:3; 1പത്രോ. 4:19

### 5. കഷ്ടം സഹിക്കാനുള്ള കാരണങ്ങൾ

❖ മനുഷ്യൻ പാപത്തിൽ വീണു. മനുഷ്യഹൃദയത്തിൽ പാപം നില നിൽക്കുന്നു. ഒരുവന്റെ തിന്മ മറ്റൊരുവന്റെ സഹനമായി മാറുന്നു - റോമാ 8:20-22

❖ ഒരുവന്റെ അജ്ഞത സഹനത്തിന് കാരണമാകാം. അവനവൻ വിതയ്ക്കുന്നത് കൊയ്യുന്നു - ഗലാ 6:7-9

❖ ദൈവം ഒരുവനെ രൂപീകരിക്കുന്നതിന്റെ ഭാഗമായും സഹനങ്ങളുമുണ്ടാകാം. - എബ്രാ.12:6;യോഹ. 15:1-7

❖ നമ്മുടെ വിശ്വാസ സംരക്ഷണംമൂലം പീഡനങ്ങൾ സഹിക്കേണ്ടിവരാം. നീതിക്കുവേണ്ടിയുള്ള സഹനം - 2തിമൊ.3:12

❖ സാക്ഷ്യം നല്കാനായിട്ടുള്ള സഹനം - 2 തിമൊ. 2:8-10; 2കൊരി. 4:12-13, 1 പത്രോ. 3:13-17

❖ നമ്മിലെ അഹന്തയെ നീക്കാനുള്ള സഹനം - 2 കൊരി. 12:7

❖ ദൈവത്തിന്റെ കൃപയിലും ശക്തിയിലും നിരന്തരാശ്രയത്തിൽ നില നിൽക്കാൻ - 2 കൊരി. 11:24-32;

❖ ക്രിസ്തുവിന്റെ ജിവിതവും സ്വഭാവവും വെളിപ്പെടുത്താൻ - 2കൊരി4:8-11; ഫിലി 1:19

❖ ദുഷ്ടമനുഷ്യരുടെ ദുഷ്ടത വെളിപ്പെടുത്താൻ - 1തെസ്സ 2:14-16

❖ ദൗത്യനിർവഹണത്തിനായി - ഫിലി 1:12-14; 4:5-9

❖ നമ്മുടെ നന്മയ്ക്കുവേണ്ടി - റോമാ 8:28-29

### 6. കഷ്ടം സഹിക്കുന്നതിലെ നല്ല വശങ്ങൾ

1. വലിയ തിന്മകളെയും പാപങ്ങളെയും ഒഴിവാക്കാൻ സഹായിക്കുന്നു.
2.മോചനത്തിനായി കർത്താവിലേക്ക് തിരിയാൻ സഹായിക്കുന്നു.
3.ആദ്ധ്യാത്മിക വളർച്ച ഉണ്ടാകുന്നു - (2 കൊരി. 12: 7-10).
4.കൂടുതൽ വിശുദ്ധി നേടാൻ കാരണമാകുന്നു - (യാക്കോ. 1:12).
5.ദൈവത്തിന്റെ കരുണയും സ്നേഹവും വെളിപ്പെടുത്താനുള്ള അവസരം ഒരുക്കുന്നു - (1കൊരി. 15:51-55; വെളി 21:4)

### 7. കഷ്ടം സഹിക്കൽ - പിതാവിന്റെ ഹിതം

1. ക്രിസ്തുവിനായുള്ള സഹനം - നിഷ്കളങ്കവും വിശുദ്ധവുമായത്
- 1 പത്രോ. 4:15-19
2. ക്രിസ്തുവിനുവേണ്ടി സഹിക്കുക പിതാവിന്റെ ഇഷ്ടമാണ്
- അപ്പോ.2:23; കൊലോ. 1:19-20; പത്രോ. :15;3:17;4:19
3. ക്രിസ്തുവിനുവേണ്ടിയുള്ള സഹനം ദൈവമഹത്വത്തിനും ഒപ്പം നമ്മുടെ നന്മക്കും
-എബ്രാ. 2:10; 1പത്രോ. 1:6-7; 4:12; 17-19; റോമ. 5:3-5
4. ഈ ലോകസുഖങ്ങളിൽനിന്ന് വിരക്തി
-1 പത്രോ. 4:1-2; റോമാ. 6:14-18; 1 കൊരി. 9:24-27

### 8. ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുക എന്നാൽ

1. നീതിക്കുവേണ്ടി സഹിക്കുക - (1പത്രോ. 3:14)
2. ദൈവിക ജീവിതത്തിനായി സഹിക്കുക - (2 തിമൊ. 2:12)
3. ദൈവരാജ്യത്തിനായി സഹിക്കുക - (2 തെസ്സ. 1:5)
4. ക്രിസ്ത്യാനി ആയതിനാൽ സഹിക്കുക - (1 പത്രോ. 4:16)
5. ക്രിസ്തുവിന്റെ നാമത്തെ പ്രതി സഹിക്കുക - (ഫിലി. 1;29:)

## പ്രത്യേക ശ്രദ്ധയ്ക്ക്

☐ ഞങ്ങളുമായി ഫോണിൽ ബന്ധപ്പെടാനാകാത്തവർ കത്തുകളിലൂടെ, നിങ്ങ ളുടെ പ്രാർത്ഥനാ വിഷയങ്ങൾ അയക്കാവുന്നതാണ്.

☐ ഇ-മെയിൽ എഴുതുമ്പോൾ മുഴുവിലാസവും, ഫോൺ നമ്പരും വയ്ക്കാൻ മറക്കരുത്. കത്തിലൂടെ മറുപടി എഴുതാൻ അത് സഹായമായിരിക്കും. ആഴ്ചയിൽ രണ്ട് ദിവസം മാത്രം ഭവനത്തിലുള്ളതിനാൽ എന്റെ യാത്രയ്ക്കിടയിൽ മറുപടികൾ എഴുതും. അതിന് മുഴുവിലാസം ആവശ്യമെന്ന് ഒരിക്കൽ കൂടെ ഓർമ്മിപ്പിക്കുന്നു.

## ക്രിസ്തീയ സഭയിൽ നവീന ഉപദേശങ്ങളും നവീന ക്രിസ്തുവും




C.S.I Life *എന്ന ട്യീറ മാസികയിൽ പ്രസിദ്ധീകരിച്ച നവീന യേശു*



*ഇന്ത്യയിലെ അവസാന വ്യക്തിയും വസ്ത്രം ധരിക്കുന്ന സമയം ഞാൻ വസ്ത്രം ധരിക്കും എന്ന് പറഞ്ഞ് വസ്ത്രം ഊരിയ ശേഷമുള്ള മഹാത്മഗാന്ധിയുടെ ചിത്രം*

*മുകളിൽ നിങ്ങൾ കാണുന്ന രീതിയിൽ* C.S.I. *യുടെ ഔദ്യോഗിക മാസികയായ* C.S.I Life *ൽ യേശുവിനെ കാണിക്കുന്നതിന്റെ ഉദ്ദേശം എന്ത്?*

- *കുറച്ചുനാളുകൾക്കു മുമ്പ്* : C.S.I . Synod '*വസുധൈവക കുടുംബകം*(**Gods Family)**" *എന്ന കല്പന പുറപ്പെടുവിച്ച ഉടൻ* **Article** 377 *ന്റെ വിധി സുപ്രീം കോടതിയിൽ നിന്ന് വന്നതും ചേർത്ത് ചിന്തിക്കുക. അധർമ്മ മൂർത്തിയുടെ വ്യാപാരം എവിടെയെല്ലാം പ്രവർത്തിക്കുന്നു എന്ന് മനസ്സിലായിരിക്കും. ഈ നാളുകളിൽ സഭകളിലൂടെയാണ് പിശാച് അധികം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പിശാചിന്റെ തന്ത്രങ്ങളോട് എതിർക്കുന്നതും, അനുകൂലിക്കുന്നതും നിങ്ങളുടെ ഇഷ്ടം.*

*(വെളിപ്പാട് : 22:11–14), അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടേ; അഴുക്കുള്ളവൻ ഇനിയും അഴുക്കാകട്ടേ; നീതിമാൻ ഇനിയും നീതിചെയ്യട്ടേ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടേ. ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ടു. ഞാൻ അല്ഫയും ഒമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു. ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽക്കൂടി നഗരത്തിൽ കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ.*

# ശ്രീലങ്ക യോഗങ്ങൾ




ശ്രീലങ്കയിൽ മലമ്പ്രദേശമായ HUTTEN & DICKOYA പ്രദേശങ്ങളിലെ ആഗ്ലിക്കൻ സഭകൾ ഒരുമിച്ച് ജൂലായ് മാസത്തെ അവസാന ആഴ്ചകളിൽ നടത്തിയ യോഗങ്ങൾ അനുഗ്രഹപ്രദമായിരുന്നു. ചർച്ച് ഓഫ് സിലോൺ ഡയോസിസ് ഓഫ് കൊളംബോ ആണ് എന്നെ ക്ഷണിച്ചതും ഈ യോഗങ്ങളെല്ലാം ക്രമീകരിച്ചിരുന്നതും. VICAR REV. FR.LAKSHMAN DANIEL അവർകളും മറ്റ് അച്ചന്മാരും ചേർന്ന് പ്രാർത്ഥിച്ച് ഈ യോഗത്തെ നടത്തുകയുണ്ടായി. ഈ യോഗത്തിൽ പങ്കെടുത്ത അനേകർക്ക് രോഗശാന്തിയും മാനസാന്തര അനുഭവവും ഉണ്ടായി. ദൈവനാമം മഹത്വപ്പെടട്ടെ.

# ONLINE BANKING

**Name : Dr. M.G.E.PUSHPARAJ**

(**Overseas Doners):**

**State Bank of India - SRIRANGAPALAYAM BRANCH - SALEM -1970**

**A/c No. 10764116842, Swift code : SBININBB637**

**(India Doners): IFSC CODE : SBIN0001970- A/c No.10764116842**

**CANARA BANK, (SURAMANGALAM BRANCH) - 1219**

**(Overseas Doners): SWIFT CODE : CNRBINBBSLM - A/c No. 1219101013622**

**(India Doners): IFSC CODE : CNRB0001219 - A/c No. 1219101013622,**

**MICR CODE: 636015005.**

# നന്ദി

Bank NEFT, MO, DD ***ആയി നല്കിയ കൂട്ടായ്മകൾ എല്ലാം ലഭിച്ചു. നിങ്ങളെഴുതിയ എല്ലാ വിഷയങ്ങൾക്കായും ഞാൻ പ്രാർത്ഥിക്കുന്നു. തുടർന്നും പ്രാർത്ഥിക്കും.***

# E - Mail

***ജാമക്കാരൻ മാസിക ആവശ്യപ്പെടുന്നവരും പ്രാർത്ഥനാ വിഷയങ്ങൾ എഴുതി അറിയിക്കുന്നവരും ബാങ്ക് വഴിയായി പണം അയയ്ക്കുന്നവരും തങ്ങളുടെ പൂർണ്ണ വിലാസത്തോടൊപ്പം ഫോൺ നമ്പരും കൂടി എഴുതി അയച്ച് സഹായിക്കണം. എങ്കിൽ ഉടനെ തന്നെ മറുപടി അയയ്ക്കുവാൻ കഴിയും. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ പഴയവിലാസവും പുതിയ വിലാസവും എഴുതി അറിയിക്കണം.***

# PDF ൽ ജാമക്കാരൻ മാസിക

***ധാരാളം പേരുടെ ആവശ്യപ്രകാരം, ജാമക്കാരൻ മുഴുവനും ഫോട്ടോ സഹിതം,*** PDF ***വഴിയായി അയക്കുവാനുള്ള സംവിധാനം ഉണ്ട്. അതുകൊണ്ട് നിങ്ങളുടെ ഇ-മെയിൽ ഐ.ഡി അയച്ചുതന്നാൽ മാസിക മുഴുവനും അതുവഴി ലഭ്യമാക്കുന്നതാണ്. നിങ്ങൾ ഇ-മെയിൽ വഴി ഇത് ആവശ്യപ്പെട്ടാൽ, നിങ്ങളുടെ ഇ-മെയിൽ ഐ.ഡിയോ ഞങ്ങൾ പി.ഡി.എഫ് ലിസ്റ്റിൽ ചേർക്കുന്നതാണ്.***

***നിങ്ങളുടെ പ്രാർത്ഥനാ കുറിപ്പും ബൈബിൾ സംശയങ്ങളും കുടുംബ പ്രശ്നങ്ങൾക്കായുള്ള ആലോചനകളും കത്തുവഴിയായോ, ഇ-മെയിൽ മുഖാന്തിരമോ അയക്കുമെങ്കിൽ പ്രാർത്ഥിച്ചു ഞാൻ മറുപടി അയക്കുന്നതായിരിക്കും.***

# BIBLE CONVENTION

## (CSI MALABAR DIOCESE) CODACAL

## CODACAL CSI CHURCH SENIOR FRIENDS FELLOWSHIP:

PLACE : **CODACAL** (FRITZ MEMORIL CSI CHURCH

DAY : 2018 NOVEMBER 23,24 & 25( FRI, SAT & SUNDAY)

TIME : EVENING 6.30 TO 9 PM

SPEAKER : **DR.PUSHPARAJ** (JAMAKKARAN-SALEM)

(A SPECIAL COUNSELING WITH PRAYER ON 23rd **FRIDAY** 9 AM TO 1 AM FOR THE PEOPLE WHO COME FROM OTHER PLACES AND OTHER DISTRICTS)

(**SATURDAY** FASTING PRAYER & COUNSELING MORINING 9 AM TO 1 PM)

ANY FURTHER DETAILS CONTACT :

SENIOR FRIENDS FELLOWSHIP INCHARGE -Ph.8943183109,984655585,

VICAR & CHAIRMAN Rev.SHINE.C.K. Cell: 9895420386

OCTOBER 2018

# Printed Book (Periodical)

RNI Reg. No. TNBIL/2016/70171

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.